# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വാകത്താനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി10-1339/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 13/10/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാകത്താനം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി10-1339/2025 തീയ്യതി: 13/10/2025

# കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുരേഷ് എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2025 | 04-08-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-07-2025 | 04-08-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജിമോൻ വി. ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ആൽബിൻ സിറിയക് , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രിൻസി ആന്റണി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗീതാ രാധാകൃഷ്ണൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ രാജേന്ദ്രകുമാർ എ. | സെക്രട്ടറി | 01-04-2024 | 10-09-2024 |
| ശ്രീ എൻ. നജീം | സെക്രട്ടറി | 11-09-2024 | 29-09-2024 |
| ശ്രീ രാജേന്ദ്രകുമാർ എ. | സെക്രട്ടറി | 30-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രശ്മി പ്രഭാകർ | കൃഷി ഓഫീസർ | 01-04-2024 | 05-02-2025 |

| | | | |
|---|---|---|---|
| ശ്രീ ഗൗതം സുരേഷ് | കൃഷി ഓഫീസർ (ഇൻ-ചാർജ്) | 06-02-2025 | 05-03-2025 |
| ശ്രീ ബോണി സിറിയക് | കൃഷി ഓഫീസർ (ഇൻ-ചാർജ്) | 06-03-2025 | 06-03-2025 |
| ശ്രീമതി ഷാനറ്റ് കെ. മാത്യു | കൃഷി ഓഫീസർ | 07-03-2025 | 31-03-2025 |
| ഡോ. മായ ജെയിംസ് | വെറ്ററിനറി സർജൻ | 01-04-2024 | 02-07-2024 |
| ഡോ. ഷൗക്കത്തലി വടക്കുമ്പാടം | വെറ്ററിനറി സർജൻ | 22-07-2024 | 31-03-2025 |
| ഡോ. സിജി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ(CHC) | 01-04-2024 | 14-10-2024 |
| ഡോ. ഇ. കെ. സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ(CHC) | 15-10-2024 | 31-03-2025 |
| ഡോ. പ്രീത എൻ. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. നിത എം. എസ്. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീ നിഖിൽ രാജ് എ. ആർ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(വാകത്താനം) | 01-04-2024 | 31-03-2025 |
| ശ്രീമതി ഷൈല ഇ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(തോട്ടയ്ക്കാട്) | 01-04-2024 | 31-03-2025 |
| ശ്രീമതി ദിവ്യ വി. ആൻഡ്രൂസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2024 | 02-08-2024 |
| ശ്രീമതി രാജേശ്വരി ആർ. | ഐസിഡിഎസ് സൂപ്പർവൈസർ | 12-08-2024 | 31-03-2025 |
| ശ്രീമതി ഗേളി മേരി ജോർജ്ജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 16-08-2024 |
| ശ്രീ സജി പി. വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 26-02-2025 |
| ശ്രീമതി ദിവ്യ എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-02-2025 | 31-03-2025 |
| ശ്രീമതി ജസിയ ബീവി എം. എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 14-10-2024 |
| ശ്രീമതി അഞ്ജന പി. | അസിസ്റ്റന്റ് സെക്രട്ടറി | 15-10-2024 | 31-03-2025 |
| ഡോ. ദീപു ഒ. | വെറ്ററിനറി സർജൻ | 03-07-2024 | 21-07-2024 |
| ശ്രീമതി ഫാത്തിമ എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 17-08-2024 | 31-08-2024 |
| ശ്രീമതി. അഹനാ മനോഹർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-09-2024 | 31-03-2025 |
| ഡോ. ദീപു ഒ. | വെറ്ററിനറി സർജൻ | 03-07-2024 | 21-07-2024 |
| ശ്രീമതി പ്രീതി രാജ് | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.ബി.എസ്., വാകത്താനം | 01-04-2024 | 31-05-2024 |
| ശ്രീമതി ഫേബ എം. ജോസ് | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.ബി.എസ്., വാകത്താനം | 01-06-2024 | 31-03-2025 |

03.08.2024 മുതൽ 11.08.2024 വരെ ICDS സൂപ്പർവൈസർ തസ്തിക ഒഴിവായിരുന്നു.

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25 | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല | 1-1-2 |
| 4 | സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | വാർഷിക പദ്ധതിയിലെ സുസ്ഥിര ആസ്തികൾക്ക് ആനുപാതിക മൂലധന വർദ്ധനവ് പൂർണ്ണമായി അക്കൗണ്ട് ചെയ്തില്ല | 1-1-4 |
| 6 | നിക്ഷേപ പ്രവൃത്തിക്ക് NHM ന് നൽകിയ തുക നിക്ഷേപ സമയത്ത് തന്നെ സുസ്ഥിര ആസ്തിയാക്കി | 1-1-5 |
| 7 | സുസ്ഥിര ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തിൽ അധികരിക്കുന്നു | 1-1-6 |
| 8 | ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന വിഹിതം വാർഷിക പദ്ധതിയിൽ അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-7 |
| 9 | പഞ്ചായത്ത് ഫണ്ടിലുള്ള Suspected Liability യുടെ വിശദാംശം കണ്ടെത്തിയില്ല | 1-1-8 |
| 10 | 31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല | 1-1-9 |
| 11 | അക്രുവൽ വരുമാനങ്ങൾ വർഷാരംഭത്തിൽ ഡിമാന്റ് എൻട്രി നടത്തുന്നില്ല | 1-1-10 |
| 12 | ബജറ്റ്-വിശകലനം | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം 2024-25 | 1-4 |
| 15 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 17 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ | 1-7 |
| 18 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 19 | K-SMART അവലോകനം | 1-9-1 |
| 20 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | 67 ലക്ഷത്തിലധികം രൂപ പലിശ രഹിത അക്കൗണ്ടുകളിൽ ദീർഘകാലമായി നിലനിർത്തുന്നു | 1-11 |
| 23 | റവന്യൂ വിഭവ സമാഹരണത്തിൽ പുരോഗതിയില്ല-വികസനഫണ്ടിനത്തിൽ 2.6 ലക്ഷം രൂപ നഷ്ടപ്പെടാൻ സാധ്യത | 1-12 |
| 24 | ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം വിവിധ മുറികളായി വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം | 1-13 |
| 25 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഒഴിവാക്കി | 1-14 |
| 26 | മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ബാധകമാക്കിയിട്ടില്ല | 1-15 |
| 27 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതിയിൽ ഗണ്യമായ കുടിശ്ശിക | 1-16 |
| 28 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-17 |
| 29 | ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ അഞ്ചു ലക്ഷത്തിലധികം കുടിശ്ശിക | 1-18 |
| 30 | ഓഡിറ്റോറിയം വാടക പിരിവിലെ അപാകതകൾ | 1-19 |
| 31 | ലേലത്തുക അടവാക്കിയില്ല. | 1-20 |
| 32 | IFTE&OS ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ | 1-21 |
| 33 | ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല | 1-22 |
| 34 | വെള്ളക്കരം - ഡിമാന്റ് നോട്ടീസിലെ കുടിശിക തുകയിൽ അവ്യക്തത | 1-23 |
| 35 | ടാക്സിസ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ- പതിനഞ്ചു വർഷങ്ങളുടെ കോടതി വ്യവഹാരത്തിന് വിരാമം | 1-24 |
| 36 | അഭിഭാഷകർക്കുള്ള പ്രതിഫലം- ആദായ നികുതി ടി.ഡി.എസ് നടത്തുന്നില്ല | 1-25 |
| 37 | KURDFC വായ്പയായി സ്വീകരിച്ച 25.87 ലക്ഷം രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തി | 1-26 |

| | | |
|---|---|---|
| 38 | തെരുവു വിളക്കുകളുടെ പരിപാലനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-27 |
| 39 | എം.സി.എഫിലേക്ക് വാങ്ങിയ ബെയിലിംഗ് മെഷീനും സോർട്ടിംഗ് ടേബിളും ഉപയോഗക്ഷമമാക്കിയില്ല | 1-28 |
| 40 | ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-29 |
| 41 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കാക്കിയിട്ടില്ല | 1-30 |
| 42 | ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-31 |
| 43 | പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം നിർജ്ജീവമാകുന്ന അവസ്ഥയിൽ | 1-32 |
| 44 | TSP ഫണ്ട് വകയിരുത്തലിലെ അപാകത തുടർ വർഷം പരിഹാര വകയിരുത്തലിന് ഇടയാക്കി | 1-33 |
| 45 | അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകൾ- ആസൂത്രണം ചെയ്തവ 153,നടപ്പാക്കിയത് 88 | 1-34 |
| 46 | തോട്ടയ്ക്കാട് സാമൂഹ്യാരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിടനിർമാണം-പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-35 |
| 47 | തുല്യതാ കോഴ്സിന് ഫീസ് ഒടുക്കൽ- ചെലവഴിച്ച തുകയുടെ വിനിയോഗവിവരങ്ങളില്ല | 1-36 |
| 48 | ബാല സഭ- സർക്കാർ നിശ്ചയിച്ച പരിധിയിൽ അധികമായി തുക ചെലവഴിച്ചു. | 1-37 |
| 49 | പഠന മുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-38 |
| 50 | ശിശു സൗഹൃദ അങ്കണവാടികളാക്കി മാറ്റൽ പദ്ധതി -മൂല്യ നിർണയ സാക്ഷ്യപത്രം ലഭ്യമല്ല | 1-39 |
| 51 | അനുപൂരക പോഷകാഹാര പദ്ധതി - ജി. എസ്. ടി വിഹിതം സ്രോതസ്സിൽ കുറവ് ചെയ്തില്ല | 1-40 |
| 52 | ഹോമിയോ മരുന്ന് വാങ്ങൽ- വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയില്ല | 1-41 |
| 53 | വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-42 |
| 54 | ലൈഫ് മിഷൻ പദ്ധതി-അവലോകനം | 1-43 |
| 55 | ജൽജീവൻ മിഷൻ - അവലോകനം | 1-44 |
| 56 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ്-പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

1. **വാകത്താനം ഗ്രാമപഞ്ചായത്തിന്റെ** 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 09-06-2025 തീയതിയിലെ 1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 18-06-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31-03-2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

| | |
|---|---|
| **തീയതി: 13.10.2025** | **ഡെപ്യൂട്ടി ഡയറക്ടർ** |

## 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 31-03-2025-ലെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ (41,407,387/- രൂപ) ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ സ്ഥിരീകരിക്കാനായിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01-04-2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം 1,698,292/- രൂപയായി നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) വിവരം സൂക്ഷിച്ചിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം-78 പ്രകാരം 31-03-2025 വരെ Excess Of Income Over Expenditure കണക്കാക്കിയ ആധികാരിക രേഖകളും ലഭ്യമല്ല. ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും മറുപടിയിൽ ഹാജരാക്കേണ്ടതുമാണ്.

## 1-1-2 മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല

മൂലധന വിഹിതം (Capital Contribution) മൂല്യത്തിന്റെ 01-04-2024 ലെ മുന്നിരിപ്പിന്റെ വിശദാംശം ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പിന്റെ വിശദാംശം ഓരോ ഫണ്ടുകളുടെയും വേർതിരിച്ച് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്റർ തയ്യാറാക്കേണ്ടതും 31-03-2025 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-1-3 സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണവകുപ്പിന്റെ 26-07-2011 ലെ ജി.ഒ (എം.എസ്.)–152/2011 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 01-04-2024 ൽ മുന്നിരിപ്പായുള്ള ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് ഇല്ലാത്തതിനാൽ വിവിധ മേഖലകളിലായുള്ള 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള 5.95 കോടി മൂല്യമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും വിവിധ അതിർത്തികളുടെയും (Landmark) റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ പഞ്ചായത്ത് ഭൂപ്രദേശത്തെ റോഡ് കണക്ടിവിറ്റി മാപ്പും കാലികമാക്കി 31-03-2025 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-1-4 വാർഷിക പദ്ധതിയിലെ സുസ്ഥിര ആസ്തികൾക്ക് ആനുപാതിക മൂലധന വർദ്ധനവ് പൂർണ്ണമായി അക്കൗണ്ട് ചെയ്തില്ല

2024-25 വാർഷിക പദ്ധതിയിലെ ആസ്തി വർദ്ധനവ് ബാധകമായ പ്രോജക്ടുകളുടെ ഫണ്ട് ചെലവ് പൂർണ്ണമായും മൂലധന വർദ്ധനവായി ക്രമീകരിക്കപ്പെട്ടിട്ടില്ല. സെക്രട്ടറി നിർവ്വഹിച്ച പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് നം.341/25 പ്രകാരം ജില്ല പഞ്ചായത്ത് വിഹിതമായി ലഭിച്ച 9.9 ലക്ഷം രൂപയുടെ ചെലവ് മൂലധന വർദ്ധനവായി അക്കൗണ്ട് ചെയ്യേണ്ട സ്ഥാനത്ത് റവന്യൂ വിഹിതമായാണ് ക്രമീകരിച്ചത്. കൂടാതെ ബെയ്‌ലിങ്ങ് മെഷീൻ വാങ്ങൽ 249/25 നം. പ്രോജക്ടിൽ 6,16,300/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് ചെലവഴിച്ചതിന് ആനുപാതിക മൂലധന വിഹിതം അക്കൗണ്ട് ചെയ്തത് ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റിന്റെ മൂലധന വർദ്ധനവ് ശീർഷകത്തിലാണ്. പ്രസ്തുത ശീർഷകത്തിലെ വ്യത്യാസം തുടർ വർഷം ക്രമീകരിക്കേണ്ടതാണ്. 2024-25 വാർഷിക പദ്ധതിയിലെ പ്രോജക്ട് നം.341/25 പ്രകാരമുള്ള മൂലധന വർദ്ധനവ് തുടർ വർഷത്തിൽ Prior Period ഇനത്തിൽ മൂലധന വർദ്ധനവായി ക്രമീകരിച്ച് അപാകത പരിഹരിച്ച ശേഷം ബന്ധപ്പെട്ട വിശദാംശം ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-1-5 നിക്ഷേപ പ്രവൃത്തിക്ക് NHM ന് നൽകിയ തുക നിക്ഷേപ സമയത്ത് തന്നെ സുസ്ഥിര ആസ്തിയാക്കി

ആരോഗ്യ മേഖലാ ഗ്രാന്റ് സ്കീം-1 (Infrastructure Building For Sub Centre) ഇനത്തിലുള്ള ഗ്രാന്റ് 27.75 ലക്ഷം രൂപ അലോപ്പതി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണത്തിന് നിക്ഷേപ പ്രവൃത്തിയായി നിർവ്വഹിക്കുന്നതിന് പ്രോജക്ട് നം.339/25 പ്രകാരം 2025 മാർച്ച് മാസം നാഷണൽ ഹെൽത്ത് മിഷനിൽ (NHM) നിക്ഷേപിച്ചത് നേരിട്ട് സുസ്ഥിര ആസ്തിയായി (ശീർഷകം-414110010) അക്കൗണ്ട് ചെയ്തു. നിക്ഷേപ പ്രവൃത്തിക്ക് നൽകുന്ന സമയത്ത് തുക മുൻകൂർ ശീർഷകത്തിൽ (Advance To Implementing Agency – Deposit Works) അക്കൗണ്ട് ചെയ്യേണ്ടതും പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗം ഏജൻസി ലഭ്യമാക്കിയ ശേഷം മാത്രമായിരുന്നു സുസ്ഥിര ആസ്തിയായി ക്രമീകരിക്കേണ്ടത്. തുടർ വർഷം ടി തുക നിക്ഷേപ ശീർഷകത്തിലേക്ക് മാറ്റേണ്ടതും പ്രവൃത്തി പൂർത്തിയായ ശേഷം മാത്രം സുസ്ഥിര ആസ്തിയായി ക്രമീകരിക്കേണ്ടതുമാണ്. നിക്ഷേപ വിവരം Advance Register ലും ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-1-6 സുസ്ഥിര ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തിൽ അധികരിക്കുന്നു

അക്കൗണ്ടിങ്ങ് അപാകതകൾ മൂലം Roads & Bridges, Vehicles ഇനത്തിലുള്ള ആസ്തികളുടെ മൂല്യശോഷണം ആസ്തിയിൽ അധികരിക്കുന്ന അവസ്ഥയിലാണ്. Roads & Bridges 31-03-2025 ലെ 1.44 കോടി രൂപ ആസ്തിമൂല്യത്തിന് സഞ്ചിത മൂല്യശോഷണം 1.4 കോടിയിൽ എത്തിയിരിക്കുന്നു. Office Vehicle ഇനത്തിലുള്ള 5.8 ലക്ഷം രൂപയുടെ ആസ്തിക്ക് മൂല്യശോഷണം 11.14 ലക്ഷത്തിൽ എത്തിയിരിക്കുന്നു. മാലിന്യ നിർമ്മാർജ്ജനത്തിന് മുൻവർഷം വാങ്ങിയ 6.4 ലക്ഷം രൂപയുടെ വാഹനമുൾപ്പടെ 31-03-2025 ൽ ആകെ വാഹന ആസ്തിയായുള്ള 12.2 ലക്ഷം രൂപയിലും അധികരിക്കുന്ന രീതിയിലാണ് വാഹന മൂല്യശോഷണം ഓരോ വർഷവും അക്കൗണ്ട് ചെയ്തുവരുന്നത്. സുസ്ഥിര

ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്യുന്നതിലെ അപാകതകൾ തുടർ വർഷം പരിഹരിക്കേണ്ടതാണ്.

### 1-1-7 ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന വിഹിതം വാർഷിക പദ്ധതിയിൽ അക്കൗണ്ട് ചെയ്തിട്ടില്ല

2024-25 വാർഷിക പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം Passive Expenditure ആയി അക്കൗണ്ട് ചെയ്തിട്ടില്ല. തൻവർഷം കൃഷി ഓഫീസർ നിർവ്വഹിച്ചതും (117/25 – 21,700/-, 133/25 – 1.5 ലക്ഷം, 135/25 – 1.5 ലക്ഷം) ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹിച്ചതും (104/25 – 8.5 ലക്ഷം, 152/25 – 8.5 ലക്ഷം) ആയ 5 പ്രോജക്ടുകളിൽ നേരിട്ട് ചെലവഴിച്ച 20 ലക്ഷത്തിലധികം രൂപയുടെ ഗുണഭോക്തൃ വിഹിതം വാർഷിക പദ്ധതി ചെലവായി പ്രതിഫലിച്ചിട്ടില്ല. തുടർ വർഷം മുതൽ സാമ്പത്തിക വർഷാവസാനം നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് വിനിയോഗ വിവരം ലഭ്യമാക്കി ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം Passive Expenditure ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-8 പഞ്ചായത്ത് ഫണ്ടിലുള്ള Suspected Liability യുടെ വിശദാംശം കണ്ടെത്തിയില്ല

അസിസ്റ്റൻറ് എഞ്ചിനീയർ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയതും 320100999-Other Liabilities ശീർഷകത്തിൽ മുന്നിരിപ്പായി നിലനിർത്തിയിട്ടുള്ളതുമായ 185,466/- രൂപയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ അർഹമായ തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരുമാനമായി ക്രമീകരിക്കാനും നികുതി വിഹിതങ്ങൾ സർക്കാരിലേക്ക് ഒടുക്കാനും സാധിക്കാതെ 31-03-2025 ലും സ്ഥിരീകരിക്കപ്പെടാത്ത ബാധ്യതയായി നിലനിൽക്കുന്നു. ടി തുകയുടെ വിശദാംശം തുടർ വർഷം കണ്ടെത്തി പഞ്ചായത്ത് ഫണ്ടിലേക്കുള്ള വരുമാനമിനത്തിലുള്ളത് Prior Period Income ആയി ക്രമീകരിക്കേണ്ടതും റിക്കവറികളും മറ്റ് നികുതികളും (GST & Other Dues) ഒടുക്കി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതുമാണ്.

### 1-1-9 31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല

ജനപ്രതിനിധികളുടെ 2025 മാർച്ച് മാസത്തെ ഓണറേറിയം, താത്കാലിക-കരാർ ജീവനക്കാരുടെ ശമ്പളം, വൈദ്യുതി, മറ്റ് ചെവുകൾ 31-03-2025 വരെയുള്ള കണ്ടിജൻറ് ചെലവുകൾ എന്നിവ 2024-25 ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം അതാത് വർഷം ബാധകമായ ചെലവുകൾ വർഷാവസാനം Payable ആയി ക്രമീകരിച്ച് പഞ്ചായത്ത് ഫണ്ടിന്റെ തൻവർഷ ബാധ്യതയാക്കി മാറ്റേണ്ടതായിരുന്നു.

തുടർവർഷം മുതൽ സാമ്പത്തിക വാർഷാവസാനം വരെയുള്ള ചെലവുകൾ Payable ആയി അക്കൗണ്ട് ചെയ്യുന്നതിന് K-SMART സോഫ്റ്റ്‌വെയറിൽ സംവിധാനം ഏർപ്പെടുത്താൻ IKM-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം തുടർ നടപടി സ്വീകരിക്കാനായി തദ്ദേശ സ്വയംഭരണ വിഭാഗം കോട്ടയം ജില്ല ജോയിൻറ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-1-10 അക്രുവൽ വരുമാനങ്ങൾ വർഷാരംഭത്തിൽ ഡിമാൻറ് എൻട്രി നടത്തുന്നില്ല

2024-25 വർഷത്തെ അക്രുവൽ വരുമാനങ്ങൾ മുൻവർഷ ഡേറ്റയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് വർഷാരംഭത്തിൽ Receivable ആയി ക്രമീകരിക്കുന്നില്ല. നികുതി/നികുതിയേതര ഇനത്തിലെ വാർഷിക വരുമാനം 2024-25 വർഷാദ്യത്തിൽ തന്നെ ഡിമാൻറ് എൻട്രി നടത്തുകയും 2024-25 ൽ നിർണ്ണയിക്കുന്നവ സപ്ലിമെൻററി ഡിമാൻറായുമാണ് അക്കൗണ്ട് ചെയ്യേണ്ടത്. വസ്തുനികുതി ഇനത്തിൽ വിമുക്തഭടൻമാർക്കുള്ള Exemption, ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്കുള്ള Vacancy Remission എന്നിവ 2024-25 വർഷത്തേക്കുള്ളത് അക്കൗണ്ട് ചെയ്യാത്തതിനാൽ ടി വിവരം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. വാർഷിക ഡിമൻറ് എൻട്രിയിൽ Gross Demand അക്കൗണ്ട് ചെയ്ത ശേഷം ഒഴിവാക്കൽ തുകകൾ ക്രമീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്.
തുടർ വർഷം മുതൽ അക്രുവൽ വരുമാനങ്ങളുടെ ഡാറ്റാബേസ് പ്രകാരമുള്ള ഡിമാൻറ് എൻട്രികൾ വർഷാദ്യം തന്നെ ചെയ്യേണ്ടതാണ്. കൂടാതെ അക്രുവൽ വരുമാനം Gross Demand അക്കൗണ്ട് ചെയ്യേണ്ടതും Exemption ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്ന വിധം അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

## 1-2 ബജറ്റ്-വിശകലനം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 05-02-2024 ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 2025-26 വാർഷിക ബജറ്റിനൊപ്പം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ആദ്യ ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ്(01-04-2024) | 29,296,466/- | 40,965,068/- |
| 2024-25 വരവ് | 412,146,397/- | 315,929,167/- |
| ആകെ വരവ് | 441,442,863/- | 356,894,235/- |
| 2024-25 ചെലവ് | 435,524,721/- | 325,723,218/- |

| | | |
|---|---|---|
| നീക്കിയിരിപ്പ്(31-03-2025) | 5,918,142/- | 31,171,017/- |

പുതുക്കിയ ബജറ്റ് പ്രകാരം 31.5 കോടി രൂപ വരുമാനവും 32.5 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2024-25 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 19.13 കോടി രൂപയും ചെലവ് 18.21 കോടി രൂപയുമാണുള്ളത്. പഞ്ചായത്ത് ഫണ്ടിന്റെ മുന്നിരിപ്പ് 3.5 കോടി രൂപയെന്ന് വ്യക്തമായിരുന്നിട്ടും ബജറ്റ് പുതുക്കിയപ്പോഴും 4 കോടി എന്നാണ് കണക്കാക്കിയത്. ബജറ്റ് പുതുക്കുമ്പോൾ സാമ്പത്തിക വർഷത്തെ അതുവരെയുള്ള വരവ്-ചെലവുകൾ എല്ലാം കണക്കാക്കി ആനുപാതികമായിട്ടാണ് തുകകൾ നിശ്ചയിക്കേണ്ടത്.
ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ നിലവിൽ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് വിവിധ മേഖലാടിസ്ഥാനത്തിൽ വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി (Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി വിഹിതങ്ങൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-214, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-71 എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, 31-03-2025 ലെ ബാലൻസ് ഷീറ്റ് എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2024-25**

| | |
|---|---|
| മുന്നിരിപ്പ്(01-04-2024) | 35,091,176/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 93,801,274/- |
| ആകെ(Total Receipts And Opening Balance) | 128,892,900/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 87,325,617/- |
| നീക്കിയിരിപ്പ്(31-03-2025) | 41,567,283/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 191,311,413/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 182,141,208/- |
| പ്രവർത്തന മിച്ചം(Gross Surplus) | 9,170,205/- |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 178,339/- |
| അറ്റ പ്രവർത്തന മിച്ചം(Net Surplus) | 9,348,544/- |

**ബാലൻസ് ഷീറ്റ് 31-03-2025 തീയതിയിൽ**

| | |
|---|---|
| ആസ്തിമൂല്യം(Total Assets) | 143,997,642/- |
| ബാധ്യതകളുടെ മൂല്യം(Total Liabilities) | 102,590,255/- |
| ആകെ ജനറൽ ഫണ്ട് മൂല്യം(Total General Fund) | 41,407,387/- |

**ഓഡിറ്റ് പ്രത്യവലോകനം 2024-25**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5495037/- |

## 1-4 ഗ്രാന്റ് വിനിയോഗം 2024-25

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചതും പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതുമായ പദ്ധതി പദ്ധതിയേതരമായി ചെലവുള്ളതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗവും പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ് – ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | % |
|---|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 29,257,000/- | 29257000/- | 29035472/- | 221,528/- | 99.2 |
| വികസന ഫണ്ട് – SCP | 0 | 4,556,000/- | 4,556,000/- | 3,604,152/- | 951,848 | 79.1 |
| വികസന ഫണ്ട് – TSP | 0 | 277,000/- | 277,000/- | 112,160/- | 164,840/- | 40.5 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 1791927<br>Interest<br>Treasury<br>Total | 4929428 +<br>373917*<br>114815 =<br>5,418,160/- | 7095272/-<br>114815/-<br>7,210,087/- | 3188342 +<br>113543 =<br>3,301,885/- | 3906930 +<br>1272 =<br>3908202/- | 45.8 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 7278062<br>Treasury<br>Total | 10435500 +<br>2589584 =<br>13025084/- | 17713562/-<br>2589584/-<br>20303146/- | 3695008 +<br>55000 =<br>3750008/- | 14018554 +<br>2534584 =<br>16553138/- | 18.47 |
| മെയിന്റനൻസ് ഗ്രാന്റ് - Non Road | 0 | 6,641,000/- | 6,641,000/- | 3,994,772/- | 2,646,228/- | 60.15 |
| മെയിന്റനൻസ് ഗ്രാന്റ് - Road | 0 | 12,717,000/- | 12,717,000/- | 10,412,037/- | 2,304,963/- | 81.87 |
| ICDS ഫണ്ട് | 3871182/- | 2,539,120/- | 6,410,302/- | 777,864/- | 5632438/- | 12.13 |
| സ്വച്ഛ ഭാരത്(SBA) | 0 | 420,000/- | 420,000/- | 420,000/- | 0 | 100 |
| ശുചിത്വ മിഷൻ | 90,940/- | 4,200/- | 95,140/- | 95,140/- | 0 | 100 |
| ആരോഗ്യ ഗ്രാന്റ് Infrastructure | 2805500 | 946,567/- | 2,900,156/- | 2,775,000 | 125,156/- | 95.68 |
| ആരോഗ്യ ഗ്രാന്റ് Dignostic | 228789 | 455,977/- | 684,766/- | 310,089/- | 374,677/- | 45.28 |
| ആരോഗ്യ ഗ്രാന്റ് Wellness Centre | 397612 | 708,003/- | 1,105,615/- | 397,480/- | 708,135/- | 35.95 |
| Life State Share | 1294675 | 3,106,625/- | 4,401,300/- | 2,720,000/- | 1,681,300/- | 61.8 |
| ഹോമിയോ ഗ്രാന്റ് | 500000 | 0 | 500,000/- | 0 | 500,000/- | - |
| കുടിവെള്ള ഗ്രാന്റ് | 10000 | 0 | 10,000/- | 0 | 10,000/- | - |
| Solid Waste Mngt. | 47400 | 0 | 47,400/- | 0 | 47,400/- | - |
| Specific Grant | 36680 | 0 | 36,680/- | 0 | 36,680/- | - |
| Total Sanitation | 23123 | 0 | 23,123/- | 0 | 23,123/- | - |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ സാമ്പത്തിക വർഷത്തെ മൂന്ന് ഗഡുക്കളും പൂർണ്ണമായും തൻവർഷം ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തൻവർഷത്ത അലോട്ട്മെന്റുകൾ കൂടാതെ 2023-24 വർഷം ലഭിക്കാതിരുന്ന ടൈഡ് ഫണ്ട് രണ്ടാം ഗഡു ബാങ്ക് അക്കൗണ്ടിലേക്കും 2020-21 മുതൽ 2022-23 വരെ ചെലവഴിക്കാതെ ലാപ്സായ ടൈഡ്-അൺടൈഡ് ഫണ്ടുകൾ രണ്ട് ഗഡുക്കളായി ട്രഷറിയിലും അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. മേൽപട്ടികയിലെ ശുചിത്വ മിഷൻ ഗ്രാന്റ് മുന്നിരിപ്പ് 90,940/- രൂപ മഴക്കാലപൂർവ്വ ശുചീകരണത്തിനുള്ള മുൻകൂർ മുൻ വർഷങ്ങളിൽ നൽകിയതിലേക്ക് ക്രമീകരിച്ചതും 4,200/- രൂപ സ്നേഹാരാമം പ്രവർത്തനത്തിന് പദ്ധതിയിതരമായി ചെലവഴിച്ചതുമാണ്. മറ്റ് സർക്കാർ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ചെലവുകൾ 2024-25 വാർഷിക പദ്ധതിയിലേതാണ്.

വികസന ഫണ്ടിൽ നിന്ന് സ്രോതസ്സിൽ തുകകൾ കുറവ് ചെയ്തതിന്റെ വിശദാംശങ്ങളും, പഞ്ചായത്തിന് ലഭിച്ച അറ്റ ഗ്രാന്റ് വിവരവും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - | സംസ്ഥാന ബജറ്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഇനം | അലോട്ട്മെന്റ് | | തുക (ജി.ഒ. പ്രോജക്ട്) | |
| വികസന ഫണ്ട്-General | 29,257,000/- | 29,257,000/- | 406/25 - 1489200<br>407/25 - 1298851<br>409/25 – 1280211<br>ആകെ-4068262/- | 25,188,738/- |
| വികസന ഫണ്ട്-SCSP | 4,556,000/- | 4,556,000/- | 408/25 – 50493<br>410/25 – 69374<br>ആകെ- 119867/- | 4,436,133/- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റിൽ ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ* 373917/- രൂപ ഗ്രാന്റ് പത്രികയിൽ വരവായി പ്രതിഫലിച്ചിട്ടില്ല. ഇ-ഗ്രാമ സ്വരാജ് ഓൺലൈൻ പോർട്ടലിൽ പലിശ, തിരിച്ചടവ് എന്നിവ ഗ്രാന്റ് വരവായി ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം ശതമാനം കുറവായതിനാൽ ട്രഷറി അലോട്ട്മെന്റിൽ 25 ലക്ഷത്തിലധികം ലാപ്സാവുകയും ഫണ്ട് നീക്കിയിരിപ്പായി 1.8 കോടിയോളം ബാങ്കിൽ അവശേഷിക്കുകയുമാണ്.
2. വികസന ഫണ്ടിന്റെ സ്രോതസ്സിൽ കുറവ് ചെയ്ത തുക കിഴിച്ചാണ് ഗ്രാന്റ് പത്രികയിൽ അലോട്ട്മെന്റ് കാണുന്നത്. എന്നാൽ ചെലവ് തുക സ്രോതസ്സിൽ കുറവ് ചെയ്ത ഇനങ്ങൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പടെയാണ്. ആയതിനാൽ ഗ്രാന്റ് പത്രികയിൽ വികസന ഫണ്ട് നീക്കിയിരിപ്പ് കൃത്യമായി പ്രതിഫലിച്ചിട്ടില്ല.
3. ഹോമിയോ ഗ്രാന്റ് 5 ലക്ഷം, മറ്റ് കുടിവെള്ള-ശുചിത്വ പ്രവർത്തനങ്ങൾക്കുള്ള 1.17 ലക്ഷം രൂപയുൾപ്പടെ ആകെ 6.17 ലക്ഷം രൂപയുടെ പ്രത്യേക ഗ്രാന്റുകൾ മുന്നിരിപ്പുണ്ടായിരുന്നത് തൻവർഷം ചെലവഴിച്ചില്ല. തുടർ വർഷം വാർഷിക പദ്ധതിയിൽ പ്രോജക്ട് തയ്യാറാക്കി ചെലവഴിക്കേണ്ടതാണ്.
4. ICDS ഫണ്ട് 56 ലക്ഷത്തിലധികം തുക 31-03-2025 ൽ നീക്കിയിരിപ്പുള്ളത് പഞ്ചായത്തിന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. തൻവർഷ വാർഷിക പദ്ധതിയിൽ 7.5 ലക്ഷം രൂപ മാത്രമാണ് പോഷകാഹാര വിതരണത്തിന് ചെലവഴിച്ചത്. ICDS ഫണ്ട് തുടർ വർഷം മുതൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം, മറ്റ് സൗകര്യങ്ങൾ എന്നിവയ്ക്കായി വാർഷിക പദ്ധതികളിലൂടെ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് ചെലവഴിച്ച് വിനിയോഗിക്കാവുന്നതാണ്.
5. ഗുണഭോക്തൃ വിഹിതമിനത്തിൽ 31-03-2025 ലെ 688/- രൂപ മുൻ വർഷങ്ങളിലെ പ്രോജക്ടുകൾക്ക് ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതാണ് (വി.ഇ.ഒ.-200/-, കൃഷി ഓഫീസർ – 488/-). ടി വിഹിതം ഗുണഭോക്താവിന് തിരികെ നൽകാൻ കഴിയാത്ത പക്ഷം നാമമാത്ര തുകയായതിനാൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ബാധ്യത ഒഴിവാക്കാവുന്നതാണ്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിൽ മേൽവിവരിച്ച പ്രകാരമുള്ള വ്യത്യാസങ്ങൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

**(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 333 | 153548340 | 220 | 78601980 | 123 | 66 |

### നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 14 | 6009023 | 5223277 |
| വെറ്ററിനനറി സർജൻ | 07 | 05 | 675450 | 479137 |
| MO(FHC) | 27 | 18 | 4467678 | 2842445 |
| MO(Hom) | 02 | 02 | 250000 | 250000 |
| MO(ISM) | 02 | 02 | 1050000 | 1050000 |
| VEO I | 11 | 09 | 36976400 | 17076200 |
| VEO II | 16 | 10 | 19018060 | 6557042 |
| ICDS SUPERVISER | 12 | 12 | 7808000 | 6363197 |

| | | | | |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് Secretary | 60 | 35 | 26137244 | 10808788 |
| DFI | 05 | 04 | 4213185 | 2285601 |
| HM,GLPS | 03 | 03 | 491250 | 421156 |
| AE,LID & EW | 153 | 88 | 41262990 | 22065852 |
| Asst. Secretary | 20 | 18 | 5189060 | 3179285 |
| ആകെ | 333 | 220 | 153548340 | 78601980 |

**പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ**

| ഇനം | തീരുമാന നം,/ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | **22.12.2023** |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 23.12.2023, 24.12.2023, 27.12.23, 28.12.2023, 29.12.23, 30.12.23, 31.12.23 |
| ഊരു കൂട്ടം | 28.12.2023 |
| ഭിന്നശേഷി ഗ്രാമസഭകൾ | 28.12.2023 |
| വയോജന ഗ്രാമസഭകൾ | 27.12.2023 |
| വികസന സെമിനാർ | 17.01.2024 |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1(2)/ തീ. 11.02.2024 |
| ഭരണാനുമതി | 2(1)/ തീ. 15.03.2024 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം (ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം) | 84898/24/DPC/DPO/KTM തീ. 04.03.2025 |

**ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു**

. ആവിഷ്ക്കരിച്ച 333 പ്രോജക്ടുളിൽ 220 എണ്ണമാണ് നടപ്പാക്കാൻ കഴിഞ്ഞത്.

. സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റു തുകകളിൽ വികസന ഫണ്ട് (SCP), (TSP), MG(NR) എന്നിവയുടെ നിശ്ചിത ശതമാനം വിനിയോഗിക്കാൻ കഴിയാതിരുന്നതിനാൽ ഷോർട് ഫോളും പരിഹാര വകയിരുത്തലും മൂലം നഷ്ടം സംഭവിച്ചു. വിശദ പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

. ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.

. കൃഷി-ക്ഷീരവികസന-മൃഗസംരക്ഷണ-സേവനമേഖലകളിൽ ആവർത്തന സ്വഭാവമുള്ളതെങ്കിലും ആവിഷ്ക്കരിച്ച 27 പ്രോജക്ടുകളിൽ 23 എണ്ണവും നടപ്പാക്കി.

. ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ സ്മാർട്ട് അങ്കണവാടി പ്രോജക്ടിൽ മരാമത്ത് സ്വഭാവമുള്ള പെയിന്റിംഗ് ഉൾപ്പെട്ടിരുന്നുവെങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ മൂല്യനിർണയ സാക്ഷ്യപത്രമില്ലാതെയാണ് പ്രതിഫലം നൽകിയത്.

. ന്യൂട്രിമിക്സ് വാങ്ങൽ വേളയിൽ ജി.എസ്.ടി TDS നടത്തുന്നില്ല.

. എം.സി.എഫ് കെട്ടിടം നിർമിക്കുവാൻ കോസ്റ്റ് ഫോർഡ് മുഖേന നിക്ഷേപ പ്രവൃത്തികൾ ആരംഭിച്ചിട്ടേയുള്ളുവെങ്കിലും നിലവിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എം.സി.എഫിലേക്ക് സാമഗ്രികൾ വാങ്ങി. എന്നാൽ മാലിന്യങ്ങൾ തരംതിരിക്കുന്നതിന് വാങ്ങിയ സോർട്ടിംഗ് ടേബിൾ നാളിതുവരെ പ്രയോജനപ്പെടുത്തുകയോ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. യന്ത്രം സ്ഥാപിക്കുന്നതിന് 3-ഫേസ് കണക്ഷൻ അനിവാര്യമാണെങ്കിലും അതിന് വാടകക്കെട്ടിടമാകയാൽ തുക നിക്ഷേപിക്കുക പ്രായോഗികമല്ല. യഥാവിധി കെട്ടിടവും അടിസ്ഥാന സൗകര്യവും സജ്ജമാക്കുന്നതിന് മുൻപ് യന്ത്രം വാങ്ങിയതിനാൽ അത് ഉപയോഗിക്കാനാകാതെ സൂക്ഷിച്ചു വരുന്നു. വാറന്റിയും നഷ്ടപ്പെടുന്ന അവസ്ഥയാണ്.

. വയോജനക്ഷേമത്തിന് വിവിധ പ്രോജക്ടുകൾ- വയോജനങ്ങളുടെ ആരോഗ്യ പരിപാലനം, വയോജനോത്സവം, കട്ടിൽവിതരണം, തുടങ്ങിയവ നടപ്പാക്കിയത് ശ്ലാഘനീയം.

. വനിതകൾക്കായി മെൻസ്ട്രുവൽ കപ്പ് വിതരണം, ക്യാൻ കോട്ടയം, ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ, അവരുടെ കലാമേള തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കാനായി.

. അസിസ്റ്റന്റ് എഞ്ചിനിയറുടെ പ്രോജക്ട് നടപ്പിൽ പുരോഗതിയില്ല.ഏറ്റെടുത്ത 153 പ്രോജക്ടുകളിൽ 65 എണ്ണവും നടപ്പാക്കിയില്ല.

. ഭവന നിർമാണ മേഖലയിൽ ഗണ്യമായ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ലൈഫ് ഭവന പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ ഗുണഭോക്താക്കളിൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഏതാനും പേർ കരാറനുസരിച്ച് ഗൃഹ നിർമാണവും ഭവന നവീകരണവും പൂർത്തീകരിച്ചിട്ടില്ല.

. നിക്ഷേപ പ്രവൃത്തികൾക്കായി നിർവഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നു. നൽകിയ തുക ഫലപ്രദവും സമയബന്ധിതവുമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടികളില്ല. വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരണ രേഖ എന്നിവ ഇല്ലാത്തതിനാൽ മുൻവർഷം വിവിധ ഏജൻസികൾക്ക് കൈമാറിയ ദശലക്ഷക്കണക്കിനുള്ള തുക ക്രമീകരിക്കാനുള്ള മുൻകൂറിനത്തിൽ ശേഷിക്കുന്നു.

അപാകതകൾക്ക് വിശദീകരണവും അതോടൊപ്പം പരിഹാര നടപടികളുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പു പദ്ധതിയുടെ 2024-25 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 20 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 443 പ്രോജക്ടുകളിൽ 188 എണ്ണത്തിന് സാങ്കേതിക അനുമതി ലഭിക്കുകയും 146 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 51148 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 756 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കിയ പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| **വരവ്(Receipt)** | | **ചെലവ്(Payment)** | |
|---|---|---|---|
| **മുന്നിരിപ്പ് (01-04-2024)** | **8078** | Skilled Labour(EFMS) | 211900 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 1529034 | Unskilled Labour(EFMS) | 17502532 |
| പലിശ വരവ് | 2424 | Material(EFMS) | 1826120 |
| മറ്റ് വരവ് വരവ് | 209000 | **ആകെ EFMS ചെലവ്** | **19540552** |
| **ആകെ നേരിട്ടുള്ള വരവ്** | **1740458** | ശമ്പളം– 4 ജീവനക്കാർ | 1232013 |
| Skilled Labour(EFMS) | 211900 | പ്രിന്റിങ്ങ് & സ്റ്റേഷനറി | 16056 |
| Unskilled Labour (EFMS) | 17502532 | മറ്റ് ചെലവ് | 209000 |
| Material(EFMS) | 1826120 | **ആകെ നേരിട്ടുള്ള ചെലവ്** | **1457069** |
| **ആകെ EFMS വരവ്** | **19540552** | ഗ്രാമ പഞ്ചായത്ത് മുൻകൂർ തിരിച്ചടവ് | 1539536 |
| ഗ്രാമ പഞ്ചായത്ത് ഫണ്ട് മുൻകൂർ | 1248069 | **നീക്കിയിരിപ്പ്(31-03-2025)** | **0** |
| **ആകെ** | **22537157** | **ആകെ** | **22537157** |

പട്ടികയിലെ 209,000/- രൂപ 100 തൊഴിൽ ദിനം പൂർത്തിയായവർക്ക് ഇൻസെന്റീവ് നൽകിയതിന്റെ വരവും-ചെലവ് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. തൊഴിലുറപ്പ് പ്രവർത്തന ഫണ്ട് സമയബന്ധിതമായി ലഭിക്കാത്തതിനാൽ പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവിനായി പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകുകയാണ് ചെയ്യുന്നത്. 01-04-2024 ൽ ക്രമീകരിക്കാൻ അവശേഷിച്ചിരുന്ന മുൻകൂർ 1,921,604/- രൂപ തൻവർഷം മുൻകൂറിനും ക്രമീകരണത്തിനും ശേഷം 31-03-2025 ൽ 1,630,137/- രൂപയാണ് Outstanding Advance ആയി പഞ്ചായത്ത് ഫണ്ടിലേക്ക് നൽകാനുള്ളതായി നിലനിൽക്കുന്നത്. പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള മുൻകൂർ ക്രമീകരിക്കാൻ പര്യാപ്തമായ തൊഴിലുറപ്പ് അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് തുടർ വർഷത്തിൽ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-7 സാമൂഹ്യസുരക്ഷാ പെൻഷനുകൾ

2024-25 വർഷം വാകത്താനം ഗ്രാമപഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി 7.4 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 46,560,400/- | 3160 |
| | | |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8,672,600/- | 532 |
| വിധവാപെൻഷൻ | 13,570,300/- | 895 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 626,400/- | 41 |
| വികലാംഗപെൻഷൻ | 4,645,700/- | 297 |
| **ആകെ** | **74,075,400/-** | **4925** |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2025 തിയ്യതി 03:00 PM ന് അക്കൗണ്ടന്റിന്റെയും ഫ്രണ്ട് ഓഫീസ് ക്യാഷ്യറുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് പരിശോധനയിൽ ₹1053/- (ആയിരത്തി അമ്പത്തി മൂന്ന് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9-1 K-SMART അവലോകനം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ഇൻഫർമേഷൻ കേരളാ മിഷൻ (ഐകെഎം) രൂപകൽപ്പന ചെയ്ത ഓൺലൈൻ പ്ലാറ്റ്ഫോമാണ് കെ-സ്മാർട്ട്. കെ-സ്മാർട്ടിന്റെ പ്രവർത്തനങ്ങൾ 2025 ഏപ്രിൽ 1 മുതൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കി .കേരളത്തിലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2024 ജനുവരി 1 മുതൽ നടപ്പിലാക്കിയ കെ-സ്മാർട്ടിന്റെ സേവനങ്ങൾ 2025 ഏപ്രിൽ 1 മുതൽ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ലഭ്യമാക്കിയതോടെ 87 മുനിസിപ്പാലിറ്റികൾക്കും 6 കോർപറേഷനുകൾക്കുമൊപ്പം 941 ഗ്രാമ പഞ്ചായത്തുകളിലും, 152 ബ്ലോക്ക് പഞ്ചായത്തുകളിലും, 14 ജില്ല പഞ്ചായത്തുകളിലും കെ-സ്മാർട്ടിന്റെ സേവനങ്ങൾ ലഭ്യമായിത്തുടങ്ങി. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സേവനങ്ങൾ സമയബന്ധിതമായി ഓഫീസുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്കു ലഭ്യമാകുന്നതിനായുള്ള ഓൺലൈൻ സേവനമാണ് കെ-സ്മാർട്ട്. കെ-സ്മാർട്ട് ആപ്ലിക്കേഷനിലൂടെ വിവിധ സേവനങ്ങൾക്കായുള്ള അപേക്ഷകളും പരാതികളും ഓൺലൈനായി സമർപ്പിക്കാനും അവയുടെ സ്റ്റാറ്റസ് ഓൺലൈനായി തന്നെ അറിയാനും സാധിക്കുന്നു. കൂടാതെ അപേക്ഷകളും പരാതികളും കൈപ്പറ്റിയതിന്റെ രസീത് പരാതിക്കാരന്റെ അല്ലെങ്കിൽ അപേക്ഷകന്റെ വാട്ട്സ്ആപ്പിലും, ഇ-മെയിലിലും ഇന്റഗ്രേറ്റഡ് മെസേജിംഗ് സംവിധാനത്തിലൂടെ അയച്ച് കൊടുക്കുകയും ചെയ്യുന്നു. കെ-സ്മാർട്ടിലൂടെ, തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച്, ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നു. വെബ് പോർട്ടലിൽ സ്വന്തം ലോഗിൻ ഉപയോഗിച്ച് അതാത് മൊഡ്യൂളുകളിലെത്തി ആവശ്യമായ വിവരങ്ങൾ നൽകി സേവനം ലഭ്യമാക്കാം. കൂടാതെ സ്മാർട്ട് ഫോൺ ആപ്ലിക്കേഷനിൽ ഫോൺ നമ്പരും OTP- യും നൽകിയും ലോഗ് ഇൻ ചെയ്യാം. ബ്ലോക്ക് ചെയിൻ, നിർമ്മിത ബുദ്ധി, ജി.ഐ.എസ്/സ്പെഷ്യൽ ഡേറ്റ, ചാറ്റ് ബോട്ട്, മെസേജ് ഇന്റഗ്രേഷൻ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, വിവിധ സോഫ്റ്റ് വെയറുകൾ തമ്മിലുള്ള എ.പി.ഐ ഇന്റഗ്രേഷൻ എന്നീ സാങ്കേതിക വിദ്യകളെ ഏകോപിപ്പിച്ചുകൊണ്ടാണ് കെ-സ്മാർട്ട് പ്രവർത്തിക്കുന്നത്.

ആദ്യ ഘട്ടത്തിൽ സിവിൽ രജിസ്ട്രേഷൻ (ജനന -മരണ വിവാഹ രജിസ്ട്രേഷൻ), ബിസിനസ് ഫെസിലിറ്റേഷൻ (വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസുകൾ), വസ്തു നികുതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ് സിസ്റ്റം, ഫിനാൻസ് മൊഡ്യൂൾ, ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ, പൊതുജന പരാതി പരിഹാരം തുടങ്ങിയ സേവനങ്ങളായിരിക്കും കെ- സ്മാർട്ടിലൂടെ ലഭ്യമാവുക. ലോഗിൻ ഐഡി ഉപയോഗിച്ച് വീഡിയോ കെവൈസിയും പൂർത്തിയാക്കുന്നതോടെ വിവാഹ രജിസ്ട്രേഷൻ ഉൾപ്പടെയുള്ള കാര്യങ്ങൾ വിദേശത്തിരുന്ന് തന്നെ ചെയ്യാൻ സാധിക്കും. കെ-സ്മാർട്ട് മൊബൈൽ ആപ്പിലുടെയും വെബ് പോർട്ടലിലുടെയും ഈ സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാകും. ജീവനക്കാർക്ക് തുടക്കത്തിൽ ശരിയായ പരിശീലനം കിട്ടാത്തതിനാലുണ്ടായ ബുദ്ധിമുട്ട് ഒഴിച്ചാൽ നിലവിൽ നല്ല രീതിയിൽ കെ-സ്മാർട്ടിനെ പഞ്ചായത്ത് പ്രയോജനപ്പെടുത്തി വരുന്നു.തൊഴിൽ നികുതി അടക്കമുള്ള ഏതാനും മൊഡ്യൂളുകൾ കൂടി നിലവിൽ ആക്റ്റീവ് ആകാൻ അവശേഷിക്കുന്നുണ്ട്. ആക്റ്റീവ് ആകാൻ അവശേഷിക്കുന്ന മൊഡ്യൂളുകളിലെ ഇടപാടുകളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പഞ്ചായത്തിൽ എത്തേണ്ട സാഹചര്യം നിലവിലുണ്ട്. ഈ മൊഡ്യൂളുകൾ കൂടി ആക്റ്റീവ് ആകുന്നതോടെ മാത്രമേ K-സ്മാർട്ട് അതിന്റെ പ്രാഥമിക ലക്ഷ്യം കൈവരിക്കുകയുള്ളു. ILGMS നെ അപേക്ഷിച്ച് കൂടുതൽ യൂസർ ഫ്രണ്ട്‌ലി സോഫ്റ്റ്‌വെയറാണെന്നുള്ളതും ആധാർ ബെയ്സ്ഡ് ലോഗിൻ സിസ്റ്റമായതിനാൽ കൂടുതൽ സുരക്ഷിതമാണെന്നുള്ളതും K സ്മാർട്ടിന്റെ എടുത്തു പറയേണ്ട മേന്മകളാണ്. വസ്തുനികുതി ഡേറ്റാബേസിനെ പ്രത്യേക മൊഡ്യൂളാക്കി കെ-സ്മാർട്ടിൽ ഉൾപ്പെടുത്തി ഡേറ്റാ കൈകാര്യം ചെയ്യുന്നത് ഈ വിഷയത്തിലെ നടപടികൾ സുതാര്യമാക്കും. കെട്ടിട നമ്പർ, അനുബന്ധ ഡേറ്റ എന്നിവ മറ്റുള്ള നികുതി നികുതിയേതര ഇനങ്ങളായ തൊഴിൽ നികുതി, വാടക, ലൈസൻസ് വരവുകളുടെ

ഡേറ്റയുമായി ബന്ധിപ്പിക്കാവുന്നതും കെട്ടിടങ്ങളിൽ വിവിധ കാലയളവുകളിൽ വരുത്തുന്ന രൂപ മാറ്റം/അധിക നിർമ്മാണം (ഉദാ. പഠനമുറി നിർമ്മാണം പോലുള്ളവ) ഡേറ്റാ ബേസിൽ പ്രതിഫലിക്കുന്ന രീതിയിൽ ഡേറ്റാ ബേസ് Status Auto Updation ആകുന്ന രീതിയിൽ മൊഡ്യൂളിൽ ക്രമീകരണം വരുത്താവുന്നതുമാണ്. അപാകതകൾ പരിഹരിക്കപ്പെട്ട് പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്നപക്ഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും, സുതാര്യവും വേഗത്തിലുമാക്കുന്നതോടൊപ്പം പൊതുജനങ്ങൾക്കും ഏറെ ഗുണകരവും ഫലപ്രദവുമാകുന്ന സംവിധാനമെന്ന നിലയിൽ നിലവിൽ അഭിമുഖീകരിക്കുന്ന അപാകതകളും, ജീവനക്കാരും പൊതുജനങ്ങളും നേരിടുന്ന ബുദ്ധിമുട്ടുകളും കണ്ടെത്തി IKM-ൽ റിപ്പോർട്ട് ചെയ്ത് ആയവ പരിഹരിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

വാകത്താനം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, അക്കൗണ്ടന്റ്, 5 സീനിയർ ക്ലാർക്ക്, 4 ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡന്റ്, ലൈബ്രേറിയൻ എന്നിവയാണ് 16 സ്ഥിരം തസ്തികകൾ. പഞ്ചായത്തിലും(5) NREGS വിഭാഗത്തിലുൾപ്പടെ(4) ആകെ 9 കരാർ ജീവനക്കാരുണ്ട്. LID & EW വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ, 2 ഓവർസീയർമാർ, ഒരു താത്കാലിക ക്ലാർക്ക് എന്നീ ജീവനക്കാരുണ്ട്. 2 സാക്ഷരത പ്രേരകുമാരും പ്രവർത്തിക്കുന്നുണ്ട്. വാകത്താനം, തോട്ടയ്ക്കാട് സർക്കിളുകളിലായി 2 വി.ഇ.ഓ. മാരുണ്ട്. 20 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

### 1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് അവ നിർണ്ണയിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കുന്നുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് 2024-25 വർഷം ഫയലുകൾ കൈകാര്യം ചെയ്തത്. 01-04-2025 മുതൽ സ്ഥാപനത്തിൽ കെ-സ്മാർട്ട് സംവിധാനം നടപ്പായിട്ടുണ്ട് .

### 2) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ 31-03-2025 വരെ നടത്തിയിട്ടുണ്ട്. K-SMART ൽ റീക്കൺസിലേഷൻ സംവിധാനം ലഭ്യമാകുന്ന മുറയ്ക്ക് 04/2025 മുതലുള്ള റിക്കൺസീലിയേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

### 3) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് , വാടക, പലിശകൾ ഇനത്തിലുള്ള തനത് വരുമാനം ഏകദേശം 1.68 കോടി രൂപയാണ്. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ ആവശ്യമാണ്. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ്, വാടക എന്നീ സ്രോതസ്സുകളിലെ തനത് വരുമാനം ഡിമാന്റും കളക്ഷനും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി നിരീക്ഷിക്കേണ്ടതാണ്. ട്രേഡർ തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക ഇനങ്ങളിൽ മുൻ വർഷങ്ങളിലെ കുടിശിക നിലനിൽക്കുന്നത് ഭരണസമിതി അതീവ ഗൗരവത്തിൽ നടപടി സ്വീകരിച്ച് ആയത് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 4) നിക്ഷേപ പ്രവൃത്തികൾ

മുൻ വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികളിൽ ഭൂജല വകുപ്പ് മുഖേനയുള്ള രണ്ട് പ്രവൃത്തികളാണ് പൂർത്തിയാകാൻ അവശേഷിക്കുന്നത്(2024-25 Advance Register പ്രകാരം). പ്രോജക്ട് നം.191/20 പ്രകാരം 7 ലക്ഷം, പ്രോജക്ട് നം.272/23 പ്രകാരം 20.1 ലക്ഷം എന്നിങ്ങനെ 27.1 ലക്ഷം രൂപയുടെ പ്രവൃത്തികളാണ്. നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് 10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവ് പ്രകാരമുള്ള സമയപരിധി പാലിക്കേണ്ടതാണ്. പ്രവൃത്തികളുടെ പുരോഗതി ഓരോ വർഷവും 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(4)(ഡി) പ്രകാരം സ്ഥിരീകരിക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾക്ക് വിനിയോഗിച്ച ഫണ്ടിനം, പ്രവൃത്തി നടക്കുന്ന സ്ഥലം/വാർഡ് എന്നിവയും രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

### 5) ദീർഘകാലമായി അവശേഷിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്

31-03-2025 ൽ ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂറുകളിൽ Other Advance ശീർഷകത്തിലുള്ള 112,994/- രൂപ 2015-16 മഴക്കാലപൂർവ്വ ശുചീകരണത്തിന് നൽകിയതിൽ ക്രമീകരിക്കാനുള്ളതും Implementing Officers ശീർഷകത്തിലുള്ളത് 2023-24, 2024-25 വർഷത്തെ മഴക്കാലപൂർവ്വ ശുചീകരണത്തിന് നൽകിയ 4 ലക്ഷം രൂപയിൽ ശുചിത്വ മിഷൻ ഫണ്ട് പഞ്ചായത്ത് ഫണ്ടിലുണ്ടായിരുന്ന 90,940/- രൂപ ക്രമീകരിച്ച ശേഷമുള്ള 309,060/- രൂപയാണ്. Advance To Others ശീർഷകത്തിൽ 463,852/- രൂപ അവശേഷിക്കുന്നത് 2015-

16 മുതലുള്ള സാക്ഷരത പ്രേരക് ഹോണറേറിയം 40% തുക സാക്ഷരത മിഷനിൽ നിന്ന് ലഭിക്കാനുള്ളത് മുൻകൂർ നൽകിയതാണ്. ദീർഘകാലമായി തുടരുന്ന എല്ലാ മുൻകൂറുകളും തുടർ വർഷം ക്രമീകരിക്കേണ്ടതാണ്.

**6) കരാറുകൾ തയ്യാറാക്കുന്നത് സമഗ്രവും പൂർണ്ണവുമായും സൂക്ഷിക്കേണ്ടതാണ്**

ഗ്രാമപഞ്ചായത്ത് വിവിധ പ്രവർത്തനങ്ങൾ, പ്രോജക്ടുകൾ, വാങ്ങൽ, പൊതുമരാമത്ത് എന്നിങ്ങനെയുള്ള വിഷയങ്ങളിൽ മറ്റ് ഏജൻസികളും വ്യക്തികളുമായി കരാറിൽ ഏർപ്പെടുന്നുണ്ട്. അപ്രകാരമുള്ള കരാറിൽ വ്യവസ്ഥകൾ പൂർണ്ണമായി എഴുതുകയും പഞ്ചായത്ത് അധികൃതർ, കരാർ വ്യക്തി, സാക്ഷികൾ എന്നിവർ കൃത്യമായി സാക്ഷ്യപ്പെടുത്തേണ്ടതാണ്. കരാറുകൾ എഴുതാതെ മുദ്രപത്രങ്ങൾ സൂക്ഷിക്കുന്ന നടപടി ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**7) മരിച്ച പെൻഷനർമാരുടെ സാമൂഹ്യ സുരക്ഷ പെൻഷൻ റദ്ദാക്കൽ**

ഗ്രാമപഞ്ചായത്ത് മുഖേനയുള്ള വിവിധ സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മരണപ്പെടുന്ന പെൻഷണർമാരുടെ പെൻഷൻ തുടർമാസം മുതൽ റദ്ദാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സംസ്ഥാനത്തെ ഏത് തദ്ദേശ ഭരണ സ്ഥാപനത്തിലും പെൻഷനറുടെ മരണം രജിസ്റ്റർ ചെയ്യപ്പെട്ടാൽ പെൻഷൻ വാങ്ങുന്ന പഞ്ചായത്തിൽ പെൻഷൻ മൊഡ്യൂളിൽ പെൻഷൻ റദ്ദാക്കൽ നടത്താനുള്ള സംവിധാനം K-SMART ൽ ഏർപ്പെടുത്തേണ്ടതാണ്.

**8) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഒക്ടോബർ-2022 | 07/2022 – 03/2022 | ADPKTM/594/22/U2-11-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/02/2020 – 14/02/2020 | 2014-15 മുതൽ 2018-19 വരെ | LBA(HQ)II/08/A-131/2019-20/554 തീയതി-12/03/2020 |

പഞ്ചായത്ത് വകുപ്പ് തലത്തിലുള്ള ഇന്റേണൽ ഓഡിറ്റായ പെർഫോമൻസ് ഓഡിറ്റ് സർക്കാർ നിർത്തലാക്കിയതിനാൽ 2021-22 സാമ്പത്തിക വർഷത്തിന് ശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

## 1-11 67 ലക്ഷത്തിലധികം രൂപ പലിശ രഹിത അക്കൗണ്ടുകളിൽ ദീർഘകാലമായി നിലനിർത്തുന്നു

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ ഓൺലൈൻ പണമിടപാടുകൾ നിയന്ത്രിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള 2 കറന്റ് അക്കൗണ്ടുകളിൽ വലിയ തുക നാളുകളായി നിലനിർത്തിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് ശാഖ | അക്കൗണ്ട് നം. | അക്കൗണ്ടിന്റെ ഉദ്ദേശ്യം | നീക്കിയിരിപ്പ് (₹) (31-07-2025 വരെയുള്ള ബാങ്ക് രേഖകൾ പ്രകാരം) |
|---|---|---|---|
| SBI വാകത്താനം ശാഖ | 36839665853 | ഇ-പേമന്റ് | 5,618,877/- |
| കേരള ഗ്രാമീൺ ബാങ്ക് വാകത്താനം ശാഖ | 40614111000663 | Unique Payment Interface(UPI) ഇടപാടുകൾ | 1,139,846/- |
| ആകെ | | | 6,758,723/- |

2025 മാർച്ച് മാസം 50 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപം കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ച ശേഷവും 31-03-2025 ൽ ഇപ്രകാരം 62 ലക്ഷത്തിലധികം രൂപ പലിശ രഹിത അക്കൗണ്ടുകളിൽ തുടരുകയാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ദീർഘകാലം പലിശ രഹിത അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത് അംഗീകരിക്കാവുന്ന വസ്തുതയല്ല. ഇതിനോടകം തന്നെ ഗണ്യമായ തുക ഗ്രാമപഞ്ചായത്തിന് പലിശയിനത്തിലും ബാങ്ക് ചാർജ് ഇനത്തിലും നഷ്ടമായിട്ടുണ്ട്.
1996-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം-4 ൽ പഞ്ചായത്തിന്റെ മിച്ച ഫണ്ട് നിക്ഷേപിക്കേണ്ട വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ മിച്ച ഫണ്ട് സ്ഥിരനിക്ഷേപമാക്കിയോ തുടർച്ചയായി ചെലവഴിക്കുന്ന സാഹചര്യങ്ങളിൽ പലിശയുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയോ സൂക്ഷിക്കേണ്ടതും പലിശ വരുമാനം ഉറപ്പാക്കേണ്ടതുമാണ്. ഈ വിഷയം അടിയന്തിര പരിഹാര നടപടികൾക്കായി ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-12 റവന്യു വിഭവ സമാഹരണത്തിൽ പുരോഗതിയില്ല-വികസനഫണ്ടിനത്തിൽ 2.6 ലക്ഷം രൂപ നഷ്ടപ്പെടാൻ സാധ്യത

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യു വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യു ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസന ഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമതു റിപ്പോർട്ടിലെ 8-ാം നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ഇ.ഒ(എംഎസ്) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ പൊതു വിഭാഗം വികസന ഫണ്ടിന്റെ അലോട്ട്മെന്റ് ₹ 26076000/-ആണ്. വിവിധ സ്രോതസ്സുകളിൽ നിന്ന് 168.2 ലക്ഷം രൂപയാണ് തൻവർഷ ഡിമാന്റ്. . എന്നാൽ 16.53 ലക്ഷം രൂപ (ജീവനക്കാരുടെ തൊഴിൽ നികുതി ഒഴികെ) കുടിശ്ശികയുണ്ട്. 2024-25 സാമ്പത്തികവർഷം റവന്യു പിരിവിൽ 90% നേട്ടം കൈവരിക്കാതിരുന്നത് മുൻനിർത്തി മേൽ ഉത്തരവ് പ്രകാരം 260760/- രൂപ (26076000/- രൂപയുടെ 1 %) നഷ്ടപ്പെടാൻ സാധ്യതയുണ്ട്. പ്രസ്തുത സാഹചര്യം സംജാതമായതിന് വിശദീകരണം നൽകേണ്ടതാണ്. ലഭ്യമായ വരുമാനസ്രോതസുകൾ പൂർണമായി പിരിച്ചെടുത്ത് സർക്കാർ ഗ്രാന്റ് നഷ്ടപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കുവാൻ ജീവനക്കാരും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കർശന മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. അധികൃതരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-13 ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം വിവിധ മുറികളായി വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം

ഗ്രാമപഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന്റെ ആകെ വിസ്തീർണം പരിഗണിക്കാതെ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഒരേ വ്യക്തിയുടെ തന്നെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 300 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, 8 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം 300 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 11 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചതു മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (11 രൂപ/ ച.മീ) | നിർണ്ണയിച്ച അടിസ്ഥാന നികുതി (8 രൂപ/ ച.മീ) | അടിസ്ഥാന വസ്തു നികുതിയിലെ കുറവ് |
|---|---|---|---|---|---|
| മോറാൻ മാർ ബസേലിയസ് മാർത്തോമ | 7/354H (54.7ച.മീ), 7/354G(54.7ച.മീ), 7/354F (54.7ച.മീ), | 331.92ച.മീ | 3651.12 | 2655.36 | 995 |

| | | | | | |
|---|---|---|---|---|---|
| മാത്യൂസ് കത്തോലിക്ക ബാവ | 7/354D(55.94ച.മീ), 7/354E(55.94ച.മീ), 7/354C(55.94ച.മീ) | | | | |

പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (13/31.07.25) സമർപ്പിച്ച മറുപടിയിൽ, കെ-സ്മാർട്ടിൽ റീ അസ്സസ്സ്മെന്റ് നടത്തി തുക ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് കുടിശ്ശിക സഹിതം തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഒഴിവാക്കി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 (1)(ബി) വകുപ്പിന് 2023-ൽ വരുത്തിയ ഭേദഗതിയനുസരിച്ച്, (നിയമനിർമ്മാണ (എ) വകുപ്പിന്റെ 28.03.2023-ലെ 15(2)/ലെഗ്.എ2/2023 നമ്പർ വിജ്ഞാപനം) "കേന്ദ്ര സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും" എന്ന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളെയാണ് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കാവുന്നത്. എന്നാൽ ചുവടെ ക്രമ നമ്പർ ഒന്നായി ചേർത്തിരിക്കുന്ന **'പരിപാലന സ്കൂൾ കാടമുറി'** എന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തു നികുതി 2013 ഒന്നാം അർദ്ധ വർഷം മുതൽ ഒഴിവാക്കിയിരിക്കുന്നതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.കൂടാതെ 'ധന്വന്തരി ആയുർവേദ നഴ്സിങ് കോളേജ് വാകത്താനം' എന്ന സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചതായി സഞ്ചയ പരിശോധനയിൽ കണ്ടെത്താനും സാധിച്ചിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | വിസ്തീർണ്ണം (ച.മീ.) | വർഷം | തുക |
|---|---|---|---|---|---|
| 1 | 3/148 | പരിപാലന സ്കൂൾ കാടമുറി | 650.67 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 38754 രൂപ (സഞ്ചയ പ്രകാരമുള്ള നികുതി കുടിശ്ശിക) |
| 2 | | ധന്വന്തരി ആയുർവേദ നഴ്സിങ് കോളേജ് വാകത്താനം | നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. | | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.27/ തീ.02.08.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-15 മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ബാധകമാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം-6-നു കീഴിലുള്ള പട്ടിക-6 പ്രകാരം 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതും മേൽത്തരം തറ നിർമ്മിതിയുള്ളതുമായ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് കൂടി ചുമത്തിയാണ് നികുതി നിർണയം നടത്തേണ്ടത്. 250 ച.മീറ്ററിൽ കൂടുതൽ തറ വിസ്തൃതിയുള്ളതും മേൽത്തരം സാമഗ്രികൾ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്) ഉപയോഗിച്ച് തറ നിർമിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളെ ഒന്നായി പരിഗണിക്കുന്നതിനുപകരം വിവിധ മുറികളായി വിഭജിച്ച് നമ്പർ നൽകിയിനാൽ 15% വർദ്ധനവ് ബാധകമാകാതെ വരുന്നതായി സപ്ലിമെന്ററി അസസ്മെന്റ് ഡേറ്റാബേസ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപ്രകാരം വർദ്ധനവ് ബാധകമാക്കാത്ത കെട്ടിടത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഉടമ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| കുര്യൻ കുമ്മൻകുളം | 13/50A (താഴത്തെ നില) | 185.86 | വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ |
| | 13/50B (ഒന്നാം | 238.93 | |

| | | | |
|---|---|---|---|
| | നില) | | |
| ആകെ | | 424.79 | |

ചട്ട പ്രകാരമുള്ള നികുതി വർദ്ധനവ് ബാധകമാകാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/തീ. 31.07.25) സമർപ്പിച്ച മറുപടിയിൽ, സഞ്ചയയിൽ ഫോം 2 രേഖപ്പെടുത്തൽ നടത്തുമ്പോൾ വർദ്ധനവ് ആനുപാതികമായി വരുന്നതാണെന്നും സോഫ്റ്റ് വെയറിൽ മാനുവലായി വർദ്ധനവ് രേഖപ്പെടുത്തുന്നതിനുള്ള സൌകര്യങ്ങൾ ലഭ്യമല്ലെന്നും മറുപടി ലഭ്യമാക്കി.എന്നാൽ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ, പ്രത്യേക കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. മേൽപട്ടികയിലെ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പരാമർശിത കെട്ടിടങ്ങൾക്ക് ഒരേ ഉപയോഗ ക്രമമാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 250 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് മേൽത്തരം തറ നിർമ്മിതിയുള്ള പക്ഷം മേൽ ചട്ടങ്ങളിലെ ചട്ടം 6-നു കീഴിലുള്ള പട്ടിക 6 പ്രകാരം വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. നമ്പറിംഗിനായി കെട്ടിടത്തിന്റെ വിസ്തീർണ്ണം വിഭജിച്ചത് മൂലമാണ് ഡേറ്റാബേസിൽ വർദ്ധനവ് ബാധകമാകാതിരുന്നത്. ആയതിനാൽ മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടത്തിന് വിഭജിച്ച് നമ്പർ നൽകുമ്പോൾ 15% വർദ്ധനവ് ബാധകമാകുന്ന രീതിയിൽ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണം എത്രയെന്ന് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയാൽ പരിഹരിക്കാവുന്ന വിഷയമാണിത്. അതിന് കഴിയാത്തപക്ഷം ആവശ്യമായ ക്രമീകരണം Information Kerala Mission മുഖേന നടത്തേണ്ടതാണ്. നികുതി വർദ്ധനവ് കൃത്യമാക്കി കുറവു വന്ന തുക കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്ത് കെട്ടിട ഉടമയ്ക്ക് അറിയിപ്പ് നൽകി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതിയിൽ ഗണ്യമായ കുടിശ്ശിക

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തുനികുതിയിൽ ഗണ്യമായ കുടിശ്ശികയുള്ളതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ച വിവരങ്ങളിൽനിന്ന് വ്യക്തമായിട്ടുണ്ട്.

| നമ്പർ | ടവർ | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|
| 3/186 | 38.721 B 5ABM ടവർ | 2013-14 മുതൽ 2024-25 വരെ | 37904 |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/തീ.31.07.2025) സമർപ്പിച്ച മറുപടിയിൽ പ്രസ്തുത കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത ടവറിനെ സംബന്ധിച്ച് മുൻ വർഷ റിപ്പോർട്ടിലും പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിച്ചിട്ടില്ലായെന്ന് കാണുന്നു. പ്രവർത്തം നിലച്ച ചില ടെലിഫോൺ കമ്പനികളുടെ ടവറുകൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളതായും അവയുടെ ഉടമകളെ ബന്ധപ്പെടാൻ സ്ഥലമുടമകൾ ശ്രമിച്ചിട്ടും നടക്കാത്ത വിവരം ഭരണസമിതിയംഗങ്ങളെ അവർ ധരിപ്പിച്ചിട്ടുള്ളതാണെന്നും ഓഡിറ്റ് സമാപനയോഗത്തിൽ അറിയിക്കുകയുണ്ടായി. ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ ഉടമകളെ കണ്ടെത്തി കുടിശ്ശിക ഈടാക്കാനും പ്രവർത്തനം നിലച്ചിട്ടുള്ളപക്ഷം അവ പൊളിച്ചു നീക്കാൻ നിർദ്ദേശം നൽകേണ്ടതും ഡിമാന്റിൽനിന്ന് തുക ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2024-25 വർഷത്തെ തൊഴിൽ നികുതി വരവുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1. ഗ്രാമപഞ്ചായത്തിലെ സ്ഥാപന തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളുടെ കൃത്യമായ വിവരശേഖരണം നടത്തി ഡിമാന്റ് നിർണയിച്ച് വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തന്മൂലം സ്ഥാപനങ്ങൾ നികുതി ബാധ്യതയിൽനിന്ന് ഒഴിവാകുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിൽ തയ്യാറാക്കിയിട്ടുള്ള ഡി.സി.ബി പത്രിക പ്രകാരം ഡിമാന്റ് തുകയായ 137250/- രൂപയും കളക്ട് ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ധനകാര്യപത്രികയിലും ഇതേ തുക തന്നെയാണ് ഡിമാന്റും പിരിവുമായി രേഖപ്പെടുത്തിയിരിക്കുന്നത്). എന്നാൽ ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാത്തതായി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| സ്ഥാപനം | നികുതി ഒടുക്കാത്ത |
|---|---|

| | അർദ്ധ വർഷം |
|---|---|
| കെ.എസ്.ഇ.ബി വാകത്താനം | 1, 2 |
| എൻ.സി.ആർ ഫൈനാൻസിയേഴ്സ് | 1, 2 |
| വാകത്താനം സർവീസ് സഹകരണ ബാങ്ക് തോട്ടയ്ക്കാട്, വള്ളിക്കുന്ന് ശാഖകൾ | 1, 2 |
| പരിപാലന സ്ക്കൂൾ വാകത്താനം | 1, 2 |
| MGEM HSS ഞാലിയാകുഴി | 1, 2 |
| യൂണിവേഴ്സിറ്റി സെന്റർ ഫോർ ടീച്ചർ എജ്യുക്കേഷൻ തോട്ടയ്ക്കാട് | 1, 2 |
| സെയിന്റ് ഡെന്റൽ കെയർ ക്ലിനിക് വാകത്താനം | 1, 2 |
| മണികണ്ഠപുരം ദേവസ്വം ഓഫീസ് | 2 |
| DDRC ലാബ് | 1, 2 |

സ്ഥാപന ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന എം. ടി. എം പബ്ളിക് സ്കൂൾ കാടമുറി, ബിഷപ് സ്പീച്ച്ലി മെമ്മോറിയൽ നഴ്സറി സ്കൂൾ, ഗ്രിഗോറിയൻ സെൻട്രൽ സ്കൂൾ എന്നീ അൺ എയ്ഡഡ് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യതിട്ടില്ല.

3. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെട്ട മരാമത്ത് പദ്ധതികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ അവർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നികുതി ഒടുക്കിയതായ രേഖകൾ സൂക്ഷിക്കുകയോ ചെയ്യിട്ടില്ല .

4. ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൻവർഷ തൊഴിൽ നികുതി പൂർണമായി ഈടാക്കിയിട്ടില്ലായെങ്കിലും അവയുടെ ഒടുക്കു വിവരം നിരീക്ഷിക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. മുൻകാലങ്ങളിലും സമാന രീതിയിൽ തുക നഷ്ടപ്പെട്ടിരിക്കാനുള്ള സാധ്യതയാണ് കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിന്റെ അഭാവം സൂചിപ്പിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 25/02-08-2025) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന്റെ അതത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഈടാക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിനും, തൊഴിൽ നികുതി (ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും) കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനുമൊപ്പം ഖണ്ഡികയിൽ പരാമർശിക്കുന്ന മറ്റ് അപാകതകളും പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ അഞ്ചു ലക്ഷത്തിലധികം കുടിശ്ശിക

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ 40 കടമുറികളാണ് പ്രതിമാസ ലൈസൻസ് ഫീസ് നിരക്കിൽ വാടകയ്ക്കു നൽകി വരുന്നത്. വാടക രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. വാടകയിനത്തിൽ 531829/-രൂപ കുടിശ്ശിക നിലനിൽക്കുന്നു. ( തൻ വർഷം - 322262/- , മുൻ വർഷങ്ങളിലേത് - 209567/-). ടി തുകയുമായി ബന്ധപ്പെട്ട കൃത്യമായ വിശദാംശങ്ങൾ(കുടിശ്ശികക്കാരുടെയും, മുറികളുടെയും, ബാധകമായ കാലയളവും സഹിതമുള്ള വിവരങ്ങൾ) ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യിട്ടില്ല. ധനകാര്യപത്രി ബി-15-ൽ ഉൾപ്പെടുത്തിയിട്ടുള്ള ഈയിനത്തിലെ ആകെത്തുക മാത്രമാണ് തൻവർഷ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

2.ചുവടെ ചേർത്തിരിക്കുന്ന വാടകക്കാരുമായി വാടക കരാർ ചമച്ചതായി കാണുന്നില്ല.

| വാടകക്കാരൻ | മുറി |
|---|---|
| അരുൺ സോമൻ | XX/585 |
| പ്രസിഡന്റ് VFPCK | XIII/615F |

| | |
|---|---|
| മാനേജർ സിവിൽ സപ്ലൈസ് | XX/589 |
| പ്രസാദ് കെ കെ | XIII /697 |

കൂടാതെ ചില വാടക കരാറുകൾ അപൂർണ്ണമായും സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയും സൂക്ഷിച്ചിക്കുന്നു.
3. XX/589 നമ്പർ കടമുറി 2023-24 വർഷം സിവിൽ സപ്ളൈസ് കോർപ്പറേഷന് 1025/- രൂപ നിരക്കിലാണ് വാടകയ്ക്കു നൽകിയത്. എന്നാൽ തൻവർഷം 955/- രൂപയാണ് അടിസ്ഥാന വാടകയായി ഒടുക്കിയിരിക്കുന്നത്.

4.ചുവടെ ചേർത്തിരിക്കുന്ന വാടകക്കാർ തുടർച്ചയായി വാടകത്തുക കുടിശ്ശിക വരുത്തിയിരിക്കുന്നതായി കാണുന്നു. (മുൻ വർഷങ്ങളിലേതുൾപ്പെടെ).

| **വാടകക്കാരൻ** | **മുറി നം.** |
|---|---|
| ഉണ്ണൂണ്ണി എബ്രഹാം | XIII/703 |
| ബിനോയ് സി പീറ്റർ | XIII/700 |
| ബീന ജോസ് | XIII/615C |
| ലിജു പുന്നൂസ് | XIII /699 |

മേൽ അപാകതകൾക്കു വിശദീകരണം ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (നം.6/തീ. 9.07.25) ക്രമ നം 3 പ്രകാരമുള്ള അപാകതകയ്ക്കു മാത്രമാണു മറുപടി ലഭ്യമാക്കിയത്. ആയതു പ്രകാരം വാടക കാലിക വർദ്ധനവ് വരുത്തി പ്രതിമാസം 1263/- നിരക്കിൽ എഗ്രിമെന്റ് ചമയ്ക്കുന്നതാണെന്നും മാവേലി സ്റ്റോറിന്റെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഉപസമിതി രൂപീകരിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക പൂർണമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
കുടിശ്ശികയായി നിൽക്കുന്ന 531829/- രൂപ വാടക പിരിച്ചെടുക്കാൻ സത്വരമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം പര്യാപ്തമായ രീതിയിലുള്ള വാടക നിക്ഷേപം സ്വരുക്കൂട്ടേണ്ടതുമാണ്. നിലവിൽ 114500/- രൂപയാണ് വാടക നിക്ഷേപം. കരാർ ചമയ്ക്കാതെ തുടർന്നുള്ള വർഷത്തേക്ക് വാടക നിരക്ക് പുതുക്കി കുത്തകക്കാരെ തുടരാൻ അനുവദിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. വാടക കരാർ യഥാസമയം പുതുക്കേണ്ടതും വ്യവസ്ഥകൾ കൃത്യമായി എഴുതി ചേർക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം കുത്തകക്കാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നിയമനടപടികൾ ആവശ്യമായി വരുന്ന പക്ഷം ആയതു സാധിക്കാതെ വരുന്നതാണ്. ക്രമ നം 4 പ്രകാരമുള്ള വാടകക്കാർ തുടർച്ചയായ വർഷങ്ങളിൽ വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി മുൻ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശം ഉണ്ടായിരുന്നെങ്കിലും കുടിശ്ശിക ഈടാക്കിയതിന്റേയും മറ്റു തുടർ നടപടികൾ സ്വീകരിച്ചതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-19 ഓഡിറ്റോറിയം വാടക പിരിവിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് വക ഓഡിറ്റോറിയം പ്രതിദിനം 1250/- രൂപ (GST ഉൾപ്പെടെ) നിരക്കിലാണ് വാടകയ്ക്കു നൽകി വരുന്നത്. ഓഡിറ്റോറിയം ഉപയോഗിക്കുന്ന സമയത്തിന്റെ ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ നിരക്കിൽ വ്യത്യാസം ഉണ്ടോയെന്ന് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നില്ല. ആയതു സംബന്ധിച്ച് ബൈലോ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/29.07.2025) സമർപ്പിച്ച മറുപടിയിൽ ബൈലോ പുതുക്കിയിട്ടില്ലെന്നും ഓഡിറ്റോറിയം ഉപയോഗിക്കുന്ന സമയത്തിന്റെ അടിസ്ഥാനത്തിൽ വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റോറിയം വാടകയുടെ രസീതുകൾ പരിശോധിച്ചതിൽ ജി.എസ്.ടി തുക പ്രത്യേക ശീർഷകത്തിൽ അടവാക്കാതെ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക "Rent From Auditorium & Halls" എന്ന ശീർഷകത്തിലാണ് അടവാക്കിയിട്ടുള്ളതെന്ന് ബോധ്യമായിട്ടുണ്ട്. വാടകയോടൊപ്പം സ്വീകരിച്ച ജി.എസ്.ടി സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മേൽപരാമർശിത ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. ഓഡിറ്റോറിയം വാടക പിരിവിലെ പരാമർശിത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 ലേലത്തുക അടവാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
1. തേക്കനടി പൊട്ടച്ചാൽ പാടശേഖരം കൃഷി ചെയ്യുന്നതിനുള്ള അവകാശം ശ്രീ. ബാബു എം. പി യ്ക്കു 49300/- രൂപയ്ക്കു ലേലം ചെയ്തു നൽകിയിട്ടുള്ളതാണ്. എന്നാൽ നിശ്ചിത നിരക്കിലുള്ള ജി.എസ്.റ്റി. (49300 X 18% =8874) അടവാക്കിയതായി കാണുന്നില്ല.

2. ജറുസലേം മൌണ്ടിലുള്ള 45 സെന്റ് സ്ഥലം കൃഷി ചെയ്യുന്നതിനും തെങ്ങിൽ നിന്നും മേലാദായം എടുക്കുന്നതിനുമുള്ള അവകാശം ശ്രീ. ജിനു എം ജോണിനു 1300/- രൂപയ്ക്കു ലേലം ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ലേലത്തുക, നിശ്ചിത നിരക്കിലുള്ള ജി.എസ്.റ്റി എന്നിവ അടവാക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/29.07.25) മറുപടി ലഭ്യമാക്കിയില്ല. ലേലത്തുക, നിശ്ചിത നിരക്കിലുള്ള ജി.എസ്.റ്റി എന്നിവ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-21 IFTE&OS ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ

2024-25 വർഷത്തെ ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന അപാകതൾ ശ്രദ്ധയിൽപ്പെട്ടു.

**1.ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ, മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട ഹരിതമിത്രം വാർ റൂം പോർട്ടൽ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 'നോൺ റസിഡൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്' കാറ്റഗറിയിൽ 664 സ്ഥാപനങ്ങളുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റിൽ 229 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവയിൽ, 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്കനുബന്ധമായുള്ള 1-ാം പട്ടികയിൽ പരാമർശിക്കുന്ന ലൈസൻസ് ആവശ്യമുള്ള പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളുടെ എണ്ണം വാർ റൂം പോർട്ടൽ പ്രകാരമുള്ള എണ്ണത്തിന്റെ 75 ശതമാനമെങ്കിലും ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ അവ യഥാവിധിയുള്ള അനുമതി കൂടാതെയാണ് പ്രവർത്തിക്കുന്നതെന്ന് നിസ്സംശയം കണക്കാക്കാവുന്നതാണ്.

**2.ലൈസൻസ് ഫീസ് ഇനത്തിൽ 181500/- രൂപ കുടിശ്ശിക**

തൻവർഷ ധനകാര്യപത്രികയുടെ ബി- 15 പത്രിക അനുസരിച്ച് ലൈസൻസ് ഫീസ് ഇനത്തിൽ മുൻവർഷത്തെ 119050/- രൂപയും തൻവർഷത്തെ 62450/-രൂപയും ഉൾപ്പടെ ആകെ **181500** രൂപ കുടിശ്ശികയുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233, 234 വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ചട്ടങ്ങളുടെ അനുബന്ധമായുള്ള 1-ാം പട്ടികയിൽ പരാമർശിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രസിഡന്റ് നൽകുന്ന ലൈസൻസ് അനിവാര്യമാണ്. എന്നാൽ പ്രസ്തുത ലൈസൻസ് കൂടാതെ ഒട്ടനവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നുവെന്നാണ് മേൽപരാമർശിത കുടിശ്ശിക വെളിവാക്കുന്നത്. ( ആകെ ഡിമാന്റ് തുക ₹360000/-ആണെന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കുക). പൊതുജനങ്ങളുട ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാധ്യസ്ഥമായ തദ്ദേശസ്വയംഭരണ സ്ഥാപനമെന്ന നിലയ്ക്ക് ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാനനുവദിച്ചത് ഗൗരവമേറിയ വീഴ്ചയാണ്.

**3. ലൈസൻസ് അപേക്ഷകൾ അപൂർണം**

മൂലധനനിക്ഷേപത്തെ അടിസ്ഥാനമാക്കിയാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതെന്നിരിക്കെ ഒട്ടുമിക്ക അപേക്ഷ ഫോറങ്ങളിലും മൂലധനനിക്ഷേപത്തേയോ വിറ്റുവരവിനെയോ കുറിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീസ് നിർണയിച്ചതിന്റെ ആധികാരികത വ്യക്തമല്ല.

4.ചുവടെ ചേർത്തിരിക്കുന്ന വ്യാപാരികളിൽ നിന്നും മൂലധനനിക്ഷേപത്തിനനുസൃതമായുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| സ്ഥാപനം | മൂലധന നിക്ഷേപം | മേഖല | ഈടാക്കേണ്ട തുക | ഈടാക്കിയ തുക |
|---|---|---|---|---|
| സാന്ത്വന മെഡിക്കൽസ് | 25 ലക്ഷം | സേവനം | 1000 | 500 |
| നാസ് വുഡ് ട്രേഡിങ് | 25 ലക്ഷം | സേവനം | 1000 | 500 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുന്നം. 8/ തീ.29.07.25) മറുപടി ലഭ്യമാക്കിയില്ല. കുറവു വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ചട്ടങ്ങൾക്കനുബന്ധമായുള്ള 1-ാം പട്ടികയിൽ പരാമർശിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നവയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തേണ്ടതും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ നടപടിക്രമങ്ങളുടെ ഭാഗമായി ഈടാക്കുന്ന ഇ-ടെൻഡർ ഫീസ് അതാത് എഞ്ചിനിയർമാരുടെ പേരിൽ

ഒരു അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാനും തുടർന്ന് അത് യഥാകാലം ഗ്രാമപഞ്ചായത്തിന് കൈമാറി നൽകാനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.10.2017-ലെ ജി.ഒ(എംഎസ്)3186/2017 നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അത്തരമൊരു അക്കൗണ്ട് നിലവിലുണ്ട് (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ വാകത്താനം ശാഖയിലെ അക്കൗണ്ട് നം.41114582439). പ്രസ്തുത അക്കൗണ്ടിൽ 16.06.2025 വരെയുള്ള പാസ്ബുക്ക് രേഖപ്പെടുത്തലുകൾപ്രകാരം 2024 ഡിസംബർ മാസം മുതൽ ടെൻഡർ ഫീസിനത്തിൽ ഈടാക്കിയ തുകയും പലിശയുമുൾപ്പടെ ആകെ ₹69510/- നീക്കിയിരിപ്പുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമായ പ്രസ്തുത തുക ടി അക്കൗണ്ടിൽ നിന്നും അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2015-16 സാമ്പത്തികവർഷം മുതൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ഇതേയിനത്തിൽ ടെണ്ടറിൽ പങ്കെടുക്കുന്നവർ ഒടുക്കി വന്നിരുന്ന തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല, ഓരോ സാമ്പത്തികവർഷവും ക്രെഡിറ്റ് ചെയ്ത തുകയുടെ വിവരങ്ങൾ ക്രോഡീകരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് സമർപ്പിച്ച് അത് താമസംവിനാ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കൈപ്പറ്റ് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## <u>1-23 വെള്ളക്കരം - ഡിമാന്റ് നോട്ടീസിലെ കുടിശിക തുകയിൽ അവ്യക്തത</u>

2024-25 സാമ്പത്തികവർഷം 64 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുള്ളത്. വെള്ളക്കരത്തോടൊപ്പം കുടിശ്ശികയും പിഴപ്പലിശയും ചേർത്തുള്ള തുകയാണ് ഓരോ മാസത്തെയും ഡിമാന്റ് നോട്ടീസിൽ ജല അതോറിറ്റി ഉൾപ്പെടുത്തുന്നത്. ഉദാഹരണമായി 2025 ഫെബ്രുവരി മാസത്തെ ഡിമാന്റ് നോട്ടീസിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മുൻബാക്കി | 270364 |
| പിഴപ്പലിശ | 5303 |
| തന്മാസത്തുക | 77648 |
| ഒട്ടാകെ | 353315 |

കുടിശ്ശികയും പിഴപ്പലിശയുമുൾപ്പടെ ആകെ 353,315/- രൂപയാണ് അടയ്ക്കാൻ ആവശ്യപ്പെടുന്നതെങ്കിലും അതത് മാസത്തെ വെള്ളക്കരം മാത്രമാണ് ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുള്ളത്. 64 ടാപ്പുകളുടെ വെള്ളക്കരം 11 മാസത്തേത് ആകെ 854,128/- രൂപയാണ് തൻവർഷം ഒടുക്കിയത്. വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന ഫയൽ (നം.A5-1480/2020) പരിശോധിച്ചതിൽ നിന്നും മാർച്ച്-2023 മുതൽ ടാപ്പുകളുടെ എണ്ണം 131 ൽ നിന്നും 64 ആയി കുറച്ച ഡിമാന്റാണ് വാട്ടർ അതോറിറ്റി നൽകുന്നത്. എന്നാൽ തൻവർഷം 29-08-2024 ൽ 23(1) നം. തീരുമാന പ്രകാരം വീണ്ടും സംയുക്ത പരിശോധന 2024 സെപ്റ്റംബർ 6, 7 തീയതിയിൽ നടത്താൻ തീരുമാനിച്ച് വാട്ടർ അതോറിറ്റിക്ക് 03-09-2024 ലെ SC2/859/24 നമ്പർ കത്ത് നൽകിയെങ്കിലും പരിശോധന നടന്നിട്ടില്ല. വെള്ളക്കരം കുടിശ്ശിക ഡിമാന്റ് ചെയ്യുന്ന വിഷയത്തിൽ ജല അതോറിറ്റിയുമായി നടത്തുന്ന ചർച്ചകളിൽ തീരുമാനമാകാത്ത പക്ഷം പ്രസ്തുത വിഷയം സർക്കാർ ശ്രദ്ധയിൽപ്പെടുത്തി നിവൃത്തി തേടേണ്ടതും, പ്രവർത്തനക്ഷമമായ ടാപ്പുകൾക്കു മാത്രം വെള്ളക്കരം അടവാക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-24 ടാക്സിസ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ- പതിനഞ്ചു വർഷങ്ങളുടെ കോടതി വ്യവഹാരത്തിന് വിരാമം</u>

ഗ്രാമപഞ്ചായത്തിന്റെ ആസ്തി വികസന പദ്ധതികളുടെ ഭാഗമായി ഞാലിയാകുഴി ജംഗ്ഷനിൽ ബ്ലോക്ക് നമ്പർ 12 , 203/1, 203/1-1, 203/1-2 സർവ്വേനമ്പരുകളിൽപ്പെട്ടതും ശ്രീ മാത്യു കുര്യൻ വള്ളിക്കാട്ട്, തെക്കേക്കര ശ്രീ. ബാബു വർഗ്ഗീസ് എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 18.70 ആർ സ്ഥലം സർക്കാർ അനുമതിക്ക് വിധേയമായി ടാക്സിസ്റ്റാന്റ് നിർമ്മാണത്തിനായി 03-05-2010 -ൽ ഏറ്റെടുത്തിരുന്നു.



എന്നാൽ പ്രസ്തുത സ്ഥലത്തിന്റെ വിലനിർണ്ണയവുമായി ബന്ധപ്പെട്ട വിഷയത്തിൽ സമവായമാകാതിരുന്നതിനാൽ ഉടമകൾ കോട്ടയം പ്രിൻസിപ്പൽ സബ്കോടതിയിൽ ഗ്രാമപഞ്ചായത്തിനും ജില്ലാകളക്ടർക്കും എതിരായി കേസ് ഫയൽ ചെയ്യുകയുണ്ടായി (കേസ് നം. LAR No. 01/2011). രേഖകൾ പരിശോധിച്ച് വാദം കേട്ട കോടതി പ്രസ്തുത സ്ഥലത്തിന്റെ കമ്പോള വില ഒരു ആറിന് ₹351298/- നിരക്കിൽ നിശ്ചയിച്ച് നഷ്ടപരിഹാരം നൽകാൻ വിധിക്കുകയുണ്ടായി. 12.03.2019-ലെ പ്രസ്തുത വിധിയെക്കതിരെ ഗ്രാമപഞ്ചായത്ത് ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയും( Case No. L.A.APP.No. 250/2019) അത് 18.07.2025-ൽ ബഹു. കോടതി വിധി പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. അപ്പീൽ ഭാഗികമായി അനുവദിച്ച കോടതി സ്ഥലവിലയുടെ കമ്പോള നിരക്ക് ഒരു ആറിന് ₹331100/-ആയി നിജപ്പെടുത്തി നഷ്ടപരിഹാരം അനുവദിക്കാനാണ് കോടതി നിർദ്ദേശം. അടിസ്ഥാന വിലയിൽ ₹20198/-രൂപയുടെ ലാഭം ഗ്രാമപഞ്ചായത്തിന് സിദ്ധിച്ചിട്ടുണ്ട്. സമയബന്ധിതമായി നടപടികൾ പൂർത്തീകരിച്ച് സ്ഥലത്തിന്റെ നിയമപരമായ അവകാശം കരസ്ഥമാക്കേണ്ടതും പതിനഞ്ചു വർഷത്തിലധികമായി മുടങ്ങിക്കിടന്ന വികസന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ശ്രമം നടത്തേണ്ടതുമാണ്. ഭരണസമിതിയുടേയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയും ഇടപെടലും ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-25 അഭിഭാഷകർക്കുള്ള പ്രതിഫലം- ആദായ നികുതി ടി.ഡി.എസ് നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിനുവേണ്ടി വിവിധ കോടതികളിൽ നിലവിലുള്ള കേസുകളിൽ ഹാജരായി തുടർനടപടികൾ സ്വീകരിച്ചതിന് തൻവർഷം വിവിധ അഭിഭാഷകർക്ക് 55,000/- രൂപ പ്രതിഫലമായി അനുവദിച്ചിട്ടുണ്ട്.

| വക്കീലിന്റെ പേര് | തുക |
|---|---|
| അഡ്വ. വി. കെ. പ്രസാദ് | 38,000/- |
| അഡ്വ. ഇ. എ. സജികുമാർ | 15,000/- |
| അഡ്വ. സിറിൾ തോമസ് | 2,000/- |
| ആകെ 2024-25 വർഷം നൽകിയത് | 55,000/- |

ഇതിൽ അഡ്വ. വി. കെ. പ്രസാദിന് 38,000/- രൂപ അനുവദിച്ചിട്ടുണ്ട്. 1961-ലെ ആദായനികുതി നിയമം വകുപ്പ് 194 (ജെ) പ്രകാരം വക്കീൽ ഫീസിനത്തിൽ ഒരു അഭിഭാഷകന് നൽകുന്ന തുക 30000/- രൂപയിൽ അധികമാവുകയാണെങ്കിൽ 10% തുക ടി.ഡി.എസ് ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. എന്നാൽ ടി.ഡി.എസ് നടത്താതെയാണ് ഗ്രാമപഞ്ചായത്ത് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 KURDFC വായ്പയായി സ്വീകരിച്ച 25.87 ലക്ഷം രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തി

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനപദ്ധതിക്ക് വേണ്ടി KURDFC യിൽ നിന്നു തൻവർഷം സ്വീകരിച്ച വായ്പാ തുക യഥാസമയം ചെലവഴിക്കാതിരുന്നതിനാൽ 2,586,707/- രൂപ 31-03-2025 ൽ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതായി ധനകാര്യപത്രികയുടെ ബി-16 പത്രികയുടെ പരിശോധനയിൽ സ്ഥിരീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ വായ്പാ വിനിമയങ്ങൾക്കായി ആരംഭിച്ച ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ (നം.16930100078070) 2,437,707/- രൂപയും കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് 40614101018325 നം. അക്കൗണ്ടിലുള്ള 149,000/- രൂപയും ഉൾപ്പടെയാണിത്. തൻവർഷം മാത്രം 82,76,707/- രൂപ വായ്പ എടുക്കുകയും 59.7 ലക്ഷം രൂപ വാർഷിക പദ്ധതിയിലെ 3 പ്രോജക്ടുകൾ (എസ് 187/25 -6 ലക്ഷം, എസ് 7/25- 46.9 ലക്ഷം, എസ് 9/25 – 6.8 ലക്ഷം) പ്രകാരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മേൽപരാമർശിത വായ്പ തുക 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമായത്. വായ്പാനുമതിയിൽ ഉൾപ്പെട്ട തുക ആവശ്യാധിഷ്ഠിതമായി മാത്രം പിൻവലിച്ച് വിനിയോഗിക്കണമെന്ന സാമ്പത്തിക അച്ചടക്ക തത്വം നിലനിൽക്കെ സമയബന്ധിതമായി പ്രയോജനപ്പെടുത്താതെ

ഇത്തരത്തിൽ വൻതുക സ്വീകരിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല. KURDFC യിൽ നിന്നുള്ള വായ്പ തുകയ്ക്ക് സംസ്ഥാന സർക്കാരാണ് പലിശ ഒടുക്കുന്നത്. വായ്പയെടുത്ത് പഞ്ചായത്ത് ഫണ്ടിൽ ദീർഘകാലം സൂക്ഷിക്കുന്ന നടപടി സർക്കാരിന് അധിക ബാധ്യത സൃഷ്ടിക്കുന്നതാണ്. തുക ലഭിച്ച് അഞ്ചു മാസങ്ങൾ കഴിഞ്ഞതിനാൽ ഇതിനോടകംതന്നെ ഗണ്യമായ പലിശബാധ്യത സർക്കാരിന് വന്നിട്ടുള്ളത് പ്രത്യേകം കാണേണ്ടതാണ്. വായ്പ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.20/2024-25/01-08-2025) നൽകിയതിന് സമർപ്പിച്ച മറുപടിയിൽ 2024 ഡിസംബർ മാസം ആവശ്യപ്പെട്ട തുക മൂന്നു മാസങ്ങൾക്കു ശേഷമാണ് ലഭിച്ചതെന്നും ആ സമയം ഇതര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതങ്ങൾ ലഭ്യമായിരുന്നതിനാൽ അവയാണ് ചെലവഴിച്ചതെന്നും തുടർവർഷം പ്രസ്തുത തുക ചെലവഴിക്കുന്നതാണെന്നും വീഴ്ച ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വായ്പയിനത്തിൽ അവശേഷിക്കുന്ന 2,586,707/- തൻവർഷാവസാനം ലഭിച്ചതാണെന്നും തുടർവർഷം ചെലവഴിക്കുമെന്നും 04-08-2025-ലെ ഓഡിറ്റ് സമാപനയോഗത്തിൽ ഭരണസമിതിയും അറിയിച്ചു. നിലവിലെ വായ്പത്തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതും വായ്പയെടുത്ത് ദീർഘകാലം പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്ന നടപടി കർശനമായും ഒഴിവാക്കേണ്ടതുമാണ്.

## 1-27 തെരുവു വിളക്കുകളുടെ പരിപാലനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പൊതുനിരത്തുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കലും, അവയുടെ പരിപാലനവും 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്ക് പരിപാലനത്തിനും, പുതിയ പോസ്റ്റുകളിൽ എൽ.ഇ.ഡി. ബൾബുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയും പ്രകാരം പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| പ്രോജക്ട് നമ്പർ/പേര് | S0235/25, തെരുവ് വിളക്ക് അറ്റകുറ്റപ്പണി- ലേബർ ചാർജ്ജ് |
| ചെലവ് | ₹ 320357 (തനത് ഫണ്ട്)<br>(വൗച്ചർ നം-22400447/12.08.24-128735 രൂപ.<br>വൗച്ചർ നം-22400694/19.10.24-141592 രൂപ.<br>വൗച്ചർ നം-22401277/27.02.25-50030 രൂപ.) |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലും, പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നമ്പർ ജി2-44274/2015 തീയതി 17.08.2015 , സർക്കുലർ നം.3055/DA3/2011/ *LSGD*/തീ. 15.9.2011, സർക്കുലർ നം. 177/DA3/2016/ LSGD/തീ. 7.9.2017, സർക്കുലർ നം.ഡി.എ1/17/2019/ത.സ്വ.ഭ.വ,21.02.2019 എന്നിവയിലും നിഷ്കർഷിച്ചിട്ടുള്ള നടപടികൾ പൂർണ്ണമായി പാലിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. കെ.എസ്.ഇ.ബി-യുമായി സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിയേക്കണ്ടതുമാണ്. ഇപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഓരോ വാർഡിലും സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച വിവരങ്ങൾ തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

2. പരാതി രജിസ്റ്റർ പൂർണ്ണമല്ല. പരാതിയുടെ വിശദാംശങ്ങൾ, പരാതികൾ പരിഹരിച്ചതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പരിഹരിച്ച പരാതിയുടെ വിവരം നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3. കരാറുകാരൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതും കരാറുകാരന്റെ ഉത്തരവദിത്തത്തിൽ തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത വ്യവസ്ഥകൾ പാലിച്ചിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയ വിശദാംശങ്ങൾ ലഭ്യമല്ല.

5. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ് അറ്റകുറ്റപ്പണികൾ നടത്തേണ്ടതെങ്കിലും പ്രസ്തുത ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. വാർഡ് മെമ്പർ ചെയർമാനായി കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും കമ്മറ്റി വാർഡ് തല പരിശോധന നടത്തി പുരോഗതി വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

7. സ്റ്റോക്ക് രജിസ്റ്ററിൽ വർഷാന്ത്യ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

8. സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിലുള്ള മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവ സൂക്ഷിക്കുന്നില്ല. കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് 'രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് ' എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള 'സ്റ്റോക്ക് ഇൻ രജിസ്റ്റർ ' ഉം ' സ്റ്റോക്ക് ഔട്ട് രജിസ്റ്റർ ' ഉം റീക്കൺസൈൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

9. ഫയലിൽ ഒരു ശൂന്യമായ മുദ്രപത്രം മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. കരാർ സംബന്ധിച്ച വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല. മുദ്രപത്രത്തിൽ കരാറുകാരൻ ഒപ്പ് വെച്ചിട്ടില്ല.

പരാമർശിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/31.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് തുടർ വർഷങ്ങളിൽ തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ, പരിപാലനം, പരിഷ്ക്കരിച്ച താരിഫ് പ്രകാരമുള്ള തുക ഒടുക്കൽ എന്നീ ഘടകങ്ങൾക്കായി മാനദണ്ഡങ്ങൾ പാലിച്ച് തുക ചെലവഴിയ്ക്കുവാനും ചെലവുകളെ സാധൂകരിയ്ക്കുന്ന രേഖകളും രജിസ്റ്ററുകളും പരിപാലിയ്ക്കുവാനുമുള്ള നടപടികൾ സ്വീകരിയ്ക്കുവാൻ പൊതുഭരണ ചുമതലയുള്ള ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും വൈദ്യുതി എന്ന വിഷയമേഖല കൈകാര്യം ചെയ്യുന്ന വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ നിർവഹണാധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 എം.സി.എഫിലേക്ക് വാങ്ങിയ ബെയിലിംഗ് മെഷീനും സോർട്ടിംഗ് ടേബിളും ഉപയോഗക്ഷമമാക്കിയില്ല.

| പ്രോജക്ടിന്റെ പേര്, നം. | S0249/25-എം.സി.എഫ്.-ലേക്ക് ബെയ്ലിങ്ങ് മെഷീൻ വാങ്ങൽ | S0264/25-സോർട്ടിംഗ് ടേബിൾ വാങ്ങൽ |
|---|---|---|
| അടങ്കൽ, | 616500 രൂപ | 50000 രൂപ |
| ചെലവ് ഫണ്ടിനം | ആകെ 616300/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) (എ.സി.ആർ ബിൽ നം-522/21.03.25-616300/- രൂപ) | 15000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) (എ.സി.ആർ ബിൽ നം-538/21.03.25-15000/- രൂപ) |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |





പ്രസ്തുത പ്രോജക്ട് പ്രകാരം ഫ്ലോററ്റ് ടെക്സോളജീസ്, പഴവങ്ങാടി (അക്കൗണ്ട് നം- 852630110000034) എന്ന സ്ഥാപനത്തിൽ നിന്ന് ഒരു ഹൈഡ്രോളിക് പ്ലാസ്റ്റിക് ബെയിലിംഗ് മെഷീനും (25 Ton Capacity), പ്രോ ഗ്രോ ബിസിനസ് സൊല്യൂഷൻ , ആലപ്പുഴ (അക്കൗണ്ട് നം- 923020020069423) എന്ന സ്ഥാപനത്തിൽ നിന്ന് ഒരു സ്റ്റീൽ ചെക്കേഡ് പ്ലേറ്റ് സോർട്ടിംഗ് ടേബിളും വാങ്ങിയിട്ടുണ്ട്. ജെം മുഖേനയാണ് പ്രസ്തുത വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വാങ്ങിയ സാധനങ്ങൾ എം.സി.എഫിൽ എത്തിച്ചിട്ടുണ്ടെങ്കിലും പ്ലാസ്റ്റിക് ബെയിലിംഗിന് പര്യാപ്തമായ വിധം മെഷീൻ പ്രവർത്തനക്ഷമമായിട്ടില്ലയെന്ന് 02.08.2025 തീയതിയിൽ നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായി. യന്ത്രം പ്രവർത്തിപ്പിക്കുന്നതിന് ത്രീ ഫേസ് ഇലക്ട്രിക് കണക്ഷൻ അനിവാര്യമാണെങ്കിലും നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലായതിനാൽ വൈദ്യുത ബന്ധം സ്ഥാപിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. പരിശോധനക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം പ്രസ്തുത ബെയിലിംഗ് മെഷീന്റെ വാറന്റി ഒരു വർഷമാണ്. മെഷീൻ പ്രവർത്തിപ്പിക്കുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കാതെ വാങ്ങൽ നടത്തിയത് മൂലം വാറന്റി കാലയളവ് വൃഥാ നഷ്ടമാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കൂടാതെ നിലവിൽ എം.സി.എഫിൽ വച്ച് സോർട്ടിംഗ് നടക്കാത്തതിനാൽ, വാങ്ങിയ സോർട്ടിംഗ് ടേബിളും ഉപയോഗിക്കുന്നില്ല. പരാമർശിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/തീ.02.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട അവലോകനയോഗത്തിൽ കർശന നിർദ്ദേശമുണ്ടായതിനാലാണ് യന്ത്രം വാങ്ങിയതെന്നും, ഗ്രാമപഞ്ചായത്ത് തൻവർഷ പദ്ധതിയിൽ ഉൾപ്പെടുത്തി 4500ചതുരശ്ര അടി വിസ്തീർണമുള്ള ഒരു പുതിയ കെട്ടിടം എം.സി.എഫിനുവേണ്ടി 11-ാം വാർഡിൽ കോസ്റ്റ് ഫോർഡ് മുഖേന നിർമിക്കുവാൻ കരാറായെന്നും, താമസംവിനാ അതിന്റെ നിർമാണം പൂർത്തീകരിച്ച് യന്ത്രസാമഗ്രികൾ അവിടെ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതാണെന്നും, ഓഡിറ്റ് സമാപനയോഗത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിക്കുകയുണ്ടായി. വാങ്ങിയ ആസ്തി നിഷ്ക്രിയമായി തുടരുന്നതിനാൽ 631300/- (616300 + 15000) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. MCF നിർമാണം, വൈദ്യുതീകരണം എന്നിവ അടിയന്തിരമായി പൂർത്തീകരിച്ച് യന്ത്രം പ്രവർത്തന സജ്ജമാക്കേണ്ടതും ഹരിതകർമ്മ സേനക്ക് ആവശ്യമായ പരിശീലനം നൽകി മാലിന്യസംസ്ക്കരണം കാര്യക്ഷമമാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-29 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നം., പേര് | S0317/25- ബോട്ടിൽ ബൂത്ത് |
| അടങ്കൽ തുക | 500000/- |
| ചെലവ് തുക | 442300/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ വിശദാംശങ്ങൾ | എ.സി.ആർ ബിൽ നം- 525/21.03.25- 142600/-<br>എ.സി.ആർ ബിൽ നം- 362/03.03.25- 299700/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗശേഷം വലിച്ചെറിയുന്ന പ്രവണത ഒഴിവാക്കുന്നതിന്റെ ഭാഗമായി അവ ശേഖരിച്ച് സംസ്ക്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിനായി ആവിഷ്ക്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. GEM പോർട്ടൽ മുഖേന രണ്ടു കാലയളവിലായാണ് ബോട്ടിൽ ബൂത്തുകൾ വാങ്ങിയത്. (18.01.2025-ലെ പരസ്യപ്രകാരം 19980 രൂപ വാഗ്ദാനം ചെയ്ത സൺബീം കോട്ടയം എന്ന സ്ഥാപനത്തെയും പിന്നീട് 19.03.2025-ലെ പരസ്യപ്രകാരം ₹15844/- വാഗ്ദാനം ചെയ്ത പാലക്കാട് സ്റ്റെല്ലാർ സൊല്യൂഷൻസ് എന്ന സ്ഥാപനത്തെയും തെരഞ്ഞെടുത്തു). സൺബീം മുഖേന 15 ബോട്ടിൽ ബൂത്തുകളും (₹ 299700)) സ്റ്റെല്ലാർ സൊല്യൂഷന്സ് മുഖേന 9 എണ്ണവും (₹ 142600) വാങ്ങിയതിനുമാണ് പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചത്. ഇൻവോയ്സുകൾ പ്രകാരമുള്ള തുക സ്ഥാപനങ്ങൾക്ക് കൈമാറിയെങ്കിലും അവ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെയും സ്ഥാപിച്ചതിന്റെയും വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/01.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 442300 രൂപയുടെ (299700 + 142600) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-30 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കാക്കിയിട്ടില്ല**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ അവ പൂർത്തീകരിച്ച് സ്ഥാപനങ്ങൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവ് | നിർവ്വഹണ ഏജൻസി | ബിൽ നം./വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | S0160/25 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- | 177228 (വികസന ഫണ്ട് പൊതു വിഭാഗം) | കെഎസ്ഇബി | ബിൽ റഫറൻസ് നമ്പർ- 24080652003400152347/ 09.05.24-177228/- രൂപ. |
| 2 | S0018/25 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- | 60799 (വികസന ഫണ്ട് പൊതു വിഭാഗം) | കെഎസ്ഇബി | ബിൽ റഫറൻസ് നമ്പർ- 24080652003401538717/ 14.03.25-25167/- രൂപ. ബിൽ റഫറൻസ് നമ്പർ- 2408065200340154985/ 18.12.24-35632/- രൂപ. |
| 3 | S0150/25 പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ | 1017077 (വികസന ഫണ്ട് പൊതു വിഭാഗം) | അനേർട്ട് | ബിൽ റഫറൻസ് നമ്പർ- 2408065200340123059/ 27.01.25- 1017077/- രൂപ. (സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഓഡിറ്റ് കാലയളവിൽ പുരോഗമിക്കുന്നുണ്ട്.) |
| | ആകെ | 1255104 രൂപ | | |

പ്രവൃത്തികളുടെ പൂർത്തീകരണ വിശദാംശങ്ങൾ ആവശ്യപ്പെട്ട് എൻക്വയറി (18/31.07.25) നൽകിയിരുന്നു. അവ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബിക്കും അനേർട്ടിനും കത്ത് നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരാമർശിത പ്രവൃത്തികൾ പൂർത്തിയാകാത്തതിനാൽ 1255104 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-31 ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | S0003/25, ഐ കെ എം വിഹിതം 2024-25 |
| ചെലവ് | ₹ 100000/- (വികസന ഫണ്ട് -ജനറൽ) |
| ബിൽ വിശദാംശങ്ങൾ | ബി.ആർ.എൻ നമ്പർ- 24080652003401032897/13.12.24- 1,00,000/- രൂപ. |

ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിട്ടുള്ള സോഫ്റ്റ് വെയറുകളുടെ വരിസംഖ്യ, അക്കൗണ്ടിംഗ് മേഖലയിലെ സാങ്കേതിക സഹായം എന്നീ സേവനങ്ങൾക്കായി മേൽ പ്രോജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹ 1,00,000 നൽകിയിട്ടുണ്ട്. തുക കൈമാറിയെങ്കിലും ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിരുന്നില്ല. അത് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/തീ.31.07.25) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഐ.കെ.എംനു കത്ത് നൽകിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 100000 രൂപയുടെ വിനിയോഗ രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം നിർജ്ജീവമാകുന്ന അവസ്ഥയിൽ

പഞ്ചായത്തിന്റെ ലൈബ്രറി സ്ഥിതി ചെയ്യുന്നത് 14-ാം വാർഡിലുള്ള കാരയ്ക്കാട്ടുകുന്ന് സാംസ്കാരിക നിലയം കെട്ടിടത്തിലാണ്. ശ്രീ. രാജീവ് ഇ. ആർ. ആണ് നിലവിൽ ലൈബ്രേറിയൻ തസ്തികയിൽ ജോലി ചെയ്യുന്നത്. ഓഫീസ് പ്രവർത്തന സമയത്ത് പഞ്ചായത്തിലെ ചുമതലകൾ വഹിക്കുന്നതോടൊപ്പം വൈകുന്നേരം 6 മണി മുതൽ 8 മണിവരെ ലൈബ്രറി തുറന്ന് പ്രവർത്തിക്കുന്ന രീതിയാണ് ആനുവർത്തിച്ചു വരുന്നതെന്ന് ലൈബ്രേറിയൻ ഓഡിറ്റ് വേളയിൽ അറിയിച്ചു. പുതിയ

അംഗത്വം എടുക്കാത്തതും നിലവിലെ അംഗങ്ങൾ ലൈബ്രറിയോട് സഹകരിക്കാത്തതുമാണ് ലൈബ്രറി പ്രവർത്തനം നിർജ്ജീവമാകാൻ കാരണമെന്ന് ഇദ്ദേഹം വിശദീകരിക്കുന്നു. 2010 ന് ശേഷം ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങിയിട്ടില്ല. ആകെ 701 പുസ്തകങ്ങളാണ് സ്റ്റോക്കുള്ളത്. ലൈബ്രറിക്കായി മൂന്ന് ദിന പത്രങ്ങൾ വരുത്തുന്നത് മാത്രമാണ് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുള്ള പ്രവർത്തന ചെലവ്. ലൈബ്രറി വരിസംഖ്യ ഇനത്തിൽ തൻവർഷം വരവൊന്നുമില്ല. ലൈബ്രറിയിൽ ജല ലഭ്യത ഇല്ല എന്നും ശുചിമുറി സൗകര്യം ഇല്ല എന്നുമാണ് ലൈബ്രേറിയൻ ഓഡിറ്റ് വേളയിൽ അറിയിച്ചത്.

പൊതു ജനങ്ങളെ ആകർഷിക്കുന്ന രീതിയിൽ ലൈബ്രറിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. കമ്പ്യൂട്ടറൈസേഷൻ, സ്പോൺസർഷിപ്പിലൂടെ കേബിൾ ടിവി കണക്ഷൻ, വിവിധ വാരികകൾ-മാസികകൾ എന്നിവ ലഭ്യമാക്കൽ, പി.എസ്.സി പരിശീലനം, മറ്റ് മത്സര പരീക്ഷകൾക്കുള്ള പരിശീലനം, തുടങ്ങിയ നടപടികളിലൂടെ ലൈബ്രറി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-33 TSP ഫണ്ട് വകയിരുത്തലിലെ അപാകത തുടർ വർഷം പരിഹാര വകയിരുത്തലിന് ഇടയാക്കി

ഗ്രാമപഞ്ചായത്തിന് 2024-25 സാമ്പത്തികവർഷം 277,000/- രൂപയായിരുന്നു വികസന ഫണ്ട് ടി.എസ്.പി. അലോട്ട്മെന്റായി ലഭിച്ചത്. ഇതിൽ 112,160/- രൂപ മാത്രം ചെലവഴിച്ചതിനാൽ 164,840/- രൂപ വർഷാവസാനം ലാപ്സായി. 40.5 % മാത്രമായിരുന്നു ഫണ്ടിന്റെ ചെലവ് ശതമാനം. 80% ചെലവഴിക്കാതിരുന്നതിനാൽ 2025-26 വർഷം ജനറൽ വിഭാഗം ഫണ്ടിൽ നിന്ന് ₹109440/- (277000 X 80%-112160 ) പരിഹാര വകയിരുത്തൽ ആവശ്യമായി വന്നിട്ടുണ്ട്. തൻവർഷത്തെ ലൈഫ് മിഷൻ പദ്ധതിയിൽ എസ്.റ്റി. വിഭാഗത്തിനുള്ള 25/25 നം. പ്രോജക്റ്റിൽ വികസനഫണ്ട് (TSP) വിഭാഗം വകയിരുത്തുന്നതിനു പകരം പൊതു വിഭാഗത്തിൽനിന്ന് 51,000/- രൂപ വകയിരുത്തിയാണ് ചെലവഴിച്ചത്. എസ്.റ്റി. വിഭാഗത്തിനുള്ള വികസന ഫണ്ട് വിഹിതം നിലനിൽക്കെ ജനറൽ വിഭാഗം ഫണ്ടിൽ നിന്ന് ചെലവ് നടത്തിയതിനാൽ വികസന ഫണ്ട്(TSP) ചെലവ് ശതമാനം ഗണ്യമായി കുറയാനാടയാക്കി. തൻ വർഷത്തെ വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്ന് 51,000/- രൂപ ചെലവഴിക്കുകയും തുടർ വർഷം പരിഹാര വകയിരുത്തലായി അലോട്ട്മെന്റ് കുറയാനും ഇടയാക്കി. പദ്ധതി ആസൂത്രണ സമയത്തെ ഫണ്ട് വകയിരുത്തലിൽ സംഭവിച്ച പാളിച്ച മൂലമാണ് തുടർ വർഷ പദ്ധതിയിൽ പരിഹാര വകയിരുത്തൽ വേണ്ടി വന്നത്. ഈ വിഷയം ഭരണസമിതി പ്രത്യേകം വിലയിരുത്തേണ്ടതും തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-34 അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകൾ-ആസൂത്രണം ചെയ്തവ 153,നടപ്പാക്കിയത് 88

അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന നടപ്പാക്കുന്നതിന് തൻവർഷം 153 പ്രോജക്ടുകൾ ആസൂത്രണം ചെയ്യുകയും അവയ്ക്ക് വിവിധ തലങ്ങളിൽനിന്ന് അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ഇവയിൽ 56 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. പ്രോജക്ട് നിർവഹണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആസൂത്രണം ചെയ്തവ | പൂർണമായോ ഭാഗികമായോ നടപ്പാക്കിയവ | ഒഴിവാക്കിയവ | നടപ്പാക്കിയവയുടെ ശതമാനം |
|---|---|---|---|---|
| പുതിയ പ്രോജക്ടുകൾ | 97 | 52 | 45 | 53.6 |
| സ്പീൽ ഓവർ | 56 | 36 | 20 | 64.2 |
| ആകെ | 153 | 88 | 65 | 57.5 |

തൻവർഷം ആസൂത്രണം ചെയ്തവയിൽ പകുതിയോളം നടപ്പാക്കാൻ കഴിഞ്ഞില്ലായെന്നത് പദ്ധതി നിർവഹണത്തിലെ പരാജയമായാണ് വിലയിരുത്താൻ കഴിയുക. സ്പിൽ ഓവറായി ഉൾപ്പെടുത്തിയവയിൽ 20 എണ്ണം നടപ്പാക്കാതിരുന്നത് അവ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ സാംഗത്യം തന്നെ ചോദ്യം ചെയ്യുന്നതാണ്. ഇത്തരത്തിലുള്ള പദ്ധതി ആസൂത്രണം പ്രോജക്ടുകളുടെ എണ്ണം പെരുപ്പിച്ചു കാട്ടുന്നതിനുമാത്രമാണ് ഉപകരിക്കപ്പെടുന്നത്. നാമമാത്രമായ ഫണ്ടാണ് ഓരോ പ്രോജക്ടിനും വകയിരുത്തപ്പെടുന്നത് എന്നതിനാൽ നടപ്പാക്കുന്നവപോലും യഥാർത്ഥ ലക്ഷ്യം കൈവരിയ്ക്കാൻ അനേകം വാർഷിക പദ്ധതികളിലൂടെ കടന്നുപോകേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്.

കഴിഞ്ഞ മൂന്നു വാർഷിക പദ്ധതികളിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന പ്രോജക്ടുകളുടെ സ്ഥിതിവിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.( സുലേഖാ പദ്ധതിചെലവു പത്രിക പ്രകാരമുള്ളത്)

| സാമ്പത്തിക വർഷം | ആസൂത്രണം ചെയ്തവ | | ആകെ | നടപ്പാക്കിയവ | | ആകെ | ഒഴിവാക്കിയവ | | ആകെ | നടപ്പാക്കിയവയുടെ % |
|---|---|---|---|---|---|---|---|---|---|---|
| | പുതിയത് | സ്പിൽ ഓവർ | | പുതിയത് | സ്പിൽ ഓവർ | | പുതിയത് | സ്പിൽ ഓവർ | | |
| 2022-23 | 72 | 29 | 101 | 65 | 18 | 83 | 07 | 11 | 18 | 82.1 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 2023-24 | 73 | 30 | 103 | 31 | 20 | 51 | 42 | 10 | 52 | 49.5 |
| 2024-25 | 97 | 56 | 153 | 52 | 36 | 88 | 45 | 20 | 65 | 57.5 |

കഴിഞ്ഞ രണ്ടു സാമ്പത്തികവർഷവും മികച്ച രീതിയിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കാൻ കഴിഞ്ഞില്ലായെന്ന വസ്തുത പട്ടികയിലെ കണക്കുകളിൽനിന്ന് വ്യക്തമാണ്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വയ്ക്കുന്നതുവഴി പ്രോജക്റ്റുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും, എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പരിമിതമായ മനുഷ്യശേഷിയും സമയവും വിനിയോഗിച്ച് അവ യഥാസമയം നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നുവെന്നതാണ് യഥാർത്ഥ വസ്തുത. നാമമാത്ര അടങ്കലുള്ളവയും, വൻതുക വകയിരുത്തപ്പെടുന്നവയും ഒരേ ജോലിഭാരമാണ് നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നത്. 26.48 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിൽ ജോലി ചെയ്യുന്നത് ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, ഒരു ഓവർസീയർ, ഒരു താത്ക്കാലിക ക്ലാർക്ക് എന്നിവർ ഉൾപ്പടെ 03 പേർ മാത്രമാണ്. കെട്ടിടനിർമാണ പെർമിറ്റ് പരിശോധന, വാർഷിക പദ്ധതിയിലെ വിവിധ വ്യക്തിഗത ഗുണഭോക്താക്കൾ സൃഷ്ടിച്ച ആസ്തികളുടെ മൂല്യനിർണയം, ദേശീയ തൊഴിലുറപ്പു പദ്ധതി പ്രോജക്റ്റുകളുടെ സാങ്കേതികാനുമതി നൽകൽ, മേൽത്തട്ടു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രോജക്റ്റുകളുടെ മേൽനോട്ടം-മൂല്യനിർണയം എന്നിവ ഇതിനുപുറമെ നിർവഹിക്കേണ്ട ചുമതലകളാണ്. അനുദിനം കമ്പോളത്തിൽ നിർമ്മാണ സാധനങ്ങളുടെ വില വർദ്ധിക്കുന്നതും ഷെഡ്യൂൾ നിരക്കുകൾ മാറുന്നതും മൂലം പശ്ചാത്തലമേഖലയിലെ പ്രോജക്റ്റുകൾ സ്പിൽ ഓവറാക്കി തുടർന്നുള്ള സാമ്പത്തികവർഷങ്ങളിൽ പൂർത്തിയാക്കേണ്ടി വരുന്നത് അവയുടെ ഗുണനിലവാരത്തെ സാരമായി ബാധിക്കുമെന്നത് തർക്കത്തിനിട നൽകാത്ത കാര്യമാണ്. കാര്യക്ഷമതയില്ലാത്ത ഇത്തരം പദ്ധതി നിർവഹണത്തിന്റെ ആത്യന്തികമായ നഷ്ടം പേറേണ്ടി വരുന്നത് വികസന-ക്ഷേമപ്രവർത്തനങ്ങളുടെ പരിമിതിമൂലം ബുദ്ധിമുട്ടുന്ന സാധുജനങ്ങൾ തന്നെയാണ്. കൂടാതെ അതത് വർഷം പ്രോജക്റ്റുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യത്തിൽ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ കുറവുവരാനും തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്റ്റുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. (തൻവർഷം ആസ്തി പരിപാലന ഗ്രാന്റ് റോഡിതര വിഭാഗത്തിൽ ₹2324146/- വകയിരുത്തിയതിൽ ₹760535/- മാത്രമാണ് ചെലവഴിച്ചത്. (32.72%), ഈ വിഭാഗത്തിൽ ആകെ ഷോർട്ട് ഫോളായി 2026-27- ൽ കുറവു വരുന്നത് 13.17 ലക്ഷം രൂപ)

തൻവർഷം ടെൻഡർ ചെയ്ത മരാമത്ത് പ്രവൃത്തികൾ ബഹുഭൂരിപക്ഷവും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. ആകെ കരാർ ചമയ്ക്കപ്പെട്ട 59 പ്രവൃത്തികളിൽ 37 എണ്ണവും രണ്ടു കരാറുകാർ വളരെ കുറഞ്ഞ നിരക്കുകൾ വാഗ്ദാനം ചെയ്ത് കരസ്ഥമാക്കിയതായി കാണുന്നു. അവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | കരാർ ചമച്ച പ്രോജക്റ്റുകളുടെ എണ്ണം |
|---|---|
| ശ്രീ. സിബിച്ചൻ ജോൺ | 31 |
| ശ്രീ. അജി ജോസഫ് | 06 |

താരതമ്യേന ലാഭ സാധ്യത കൂടുതലുള്ള കോൺക്രീറ്റ് പ്രവൃത്തികൾക്ക് പ്രസ്തുത കരാറുകാർ 25 ശതമാനം വരെ കുറഞ്ഞ നിരക്കുകൾ വാഗ്ദാനം ചെയ്ത് കരാർ എടുത്തെങ്കിലും കുറഞ്ഞ ലാഭ സാധ്യതയുള്ള, റോഡുമായി ബന്ധപ്പെട്ട മറ്റു പ്രവൃത്തികൾ, കെട്ടിടനിർമാണ-നവീകരണ പ്രോജക്റ്റുകൾ എന്നിവ ഏറ്റെടുക്കുവാൻ അവർ തയ്യാറാവാതിരിക്കുകയും ഇതേ കാരണം മുൻനിർത്തി മറ്റു കരാറുകാർ പ്രസ്തുത പ്രോജക്റ്റുകളുടെ ടെൻഡർ ഏറ്റെടുക്കാൻ വിമുഖത കാട്ടിയതുമാണ് പ്രോജക്റ്റുകളുടെ നിർവ്വഹണത്തിലെ കുറവിന് കാരണമായത്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കരാറുകാരുമായുള്ള കൂടിയാലോചനകളിലൂടെ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്യപ്പെടുന്ന പ്രോജക്റ്റുകൾ പൂർണമായും നിർവ്വഹിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാറുണ്ട്. എന്നാൽ അത്തരം നടപടികൾ ഭരണസമിതി സ്വീകരിച്ചതായി മിനിട്സ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. ഇതേ രീതിയിലുള്ള മരാമത്ത് പ്രവൃത്തി നിർവഹണം പദ്ധതികളിലെ ഏറിയ പങ്കും കടലാസിൽ ശേഷിക്കാൻ മാത്രമാണ് വഴിതെളിക്കുന്നത്.

പദ്ധതി നിർവ്വഹണത്തിലെ സങ്കീർണത ഭരണസമിതി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവർ സമഗ്രമമായി വിലയിരുത്തേണ്ടതും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-35 തോട്ടയ്ക്കാട് സാമൂഹ്യാരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിടനിർമാണം-പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ, LID &EW |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S0339/25 തോട്ടയ്ക്കാട് സാമൂഹ്യാരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിടനിർമ്മാണം |

| | |
|---|---|
| വകയിരുത്തിയ തുക, ഫണ്ട് | ₹2775000/-(ഹെൽത്ത് ഗ്രാന്റ് സ്കീം-1) |
| ചെലവഴിച്ച തുക | ₹2775000/- |
| ബിൽ വിശദാംശങ്ങൾ | വൗച്ചർ നം. 22401549/തീയതി 1.03.2025 |

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഭാഗമായ ഹെൽത്ത് ഗ്രാന്റ് സ്കീം-1 പ്രകാരം പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ അനുവദിച്ച തുക ദേശീയ ആരോഗ്യ മിഷനിൽ (NHM) നിക്ഷേപിച്ച് നിർമ്മാണം പൂർത്തീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.01.2025-ലെ ജി.ഒ(ആർ.ടി) 295/2025 നമ്പർ ഉത്തരവ് സർക്കാർ അനുമതി നൽകിയിരുന്നു. തദനുസരണം ഗ്രാമപഞ്ചായത്ത് പ്രസ്തുത പ്രോജക്ടിനുവേണ്ടി ലഭിച്ച തുക NHM സ്റ്റേറ്റ് മിഷന് കൈമാറുകയുണ്ടായി. തുക നിക്ഷേപിച്ചുവെങ്കിലും അത് വിനിയോഗിച്ച് കെട്ടിടനിർമാണം ആരംഭിച്ചതായോ ഏതെങ്കിലും ഘട്ടം പൂർത്തീകരിച്ചതായോ ഉള്ള വിവരങ്ങൾ നിർവ്വഹണ ഏജൻസി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ, കൈമാറിയ തുക ₹2775000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രോജക്ട് നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-36 തുല്യതാ കോഴ്സിന് ഫീസ് ഒടുക്കൽ- ചെലവഴിച്ച തുകയുടെ വിനിയോഗവിവരങ്ങളില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് ജി.എൽ.പി.ബി.എസ്, വാകത്താനം |
| പ്രോജക്ട് നം. | S0034/2025 |
| അടങ്കൽ | ₹100000/- (തനത് ഫണ്ട്) |
| ചെലവ് | 39850/- |
| ബിൽ വിശദാംശങ്ങൾ | വൗച്ചർ നം. 22401361/ 15.03.2025 |

പത്താംതരം, ഹയർ സെക്കന്ററി തുല്യതാ പരീക്ഷയ്ക്കുവേണ്ടി രജിസ്റ്റർ ചെയ്ത 17 ഗുണഭോക്താക്കൾക്കുവേണ്ടി കോഴ്സ് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നീയിനങ്ങൾക്കായി 39850/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് ഗ്രാമപഞ്ചായത്ത് തൻവർഷ പദ്ധതിയിൽ ഉൾപ്പെടുത്തി കൈമാറിയിരുന്നു. ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ലാസ് | ഗുണഭോക്താക്കളുടെ എണ്ണം | രജിസ്ട്രേഷൻ ഫീസ് | കോഴ്സ് ഫീസ് | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|
| 10 | 03 | 300 | 5550 | 5850 |
| +1 | 06 | 1800 | 13800 | 15600 |
| +2 | 08 | 2400 | 16000 | 18400 |
| ആകെ | | | | 39850/- |

തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ കോഴ്സ് പൂർത്തീകരിച്ചതും, പരീക്ഷ എഴുതിയതുമായ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ജില്ലാ മിഷൻ കോർഡിനേറ്റർ മുഖേന ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/തീ-3.07.2025) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ 39,850/- രൂപയുടെ ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 ബാല സഭ- സർക്കാർ നിശ്ചയിച്ച പരിധിയിൽ അധികമായി തുക ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് നം., പേര് | S0269/25- ബാല സഭ |
| അടങ്കൽ തുക | ₹50000/- |
| ചെലവ് തുക | ₹50000/- രൂപ (₹20000- പൊതു വിഭാഗം വികസന ഫണ്ട് + ₹30000- തനത് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| വൗച്ചർ വിശദാംശങ്ങൾ | ബി.ആർ.എൻ. നം- 24080652023601182268/ 16.01.2025- 20000/- രൂപ |

| | |
|---|---|
| | വൗച്ചർ നം- 22401272/ 24.02.22- 30000 രൂപ |

വാകത്താനം ഗ്രാമപഞ്ചായത്തിലെ തൻവർഷ ബാലസഭയുടെ ഭാഗമായി പ്രസ്തുത പ്രോജക്ട് പ്രകാരം നടപ്പാക്കിയ പ്രവർത്തനം 50 വിദ്യാർത്ഥികൾക്കുള്ള പഠനയാത്രയാണ്. തിരുവനന്തപുരത്തെ പ്ലാനറ്റോറിയം, മ്യൂസിയം , ശാസ്ത്ര പാർക്ക് സന്ദർശനം, ലേസർ പ്രദർശനം എന്നിവ ഉൾപ്പെടുന്ന പഠനയാത്രയ്ക്കുള്ള വാഹനം, ഭക്ഷണം എന്നിവ ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ( ₹50000 രൂപ ) തിരുവല്ല ഐരാവത് ടൂർ & പാക്കേജേഴ്സ് മുഖേന 11.02.2025-ൽ പഠനയാത്ര നടത്തി പ്രതിഫലമായി 50000 രൂപ നൽകുകയും ചെയ്തു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ (എം.എസ്.) 115/2022/LSGD നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.7.10 (1) അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് ബാലസഭ പ്രവർത്തനങ്ങൾക്ക് ഒരു വാർഡിൽ പരമാവധി ചെലവഴിക്കാവുന്നത് 1000/- രൂപയാണ്. ആകയാൽ 20 വാർഡുകളുള്ള വാകത്താനം ഗ്രാമ പഞ്ചായത്തിൽ ആകെ ചെലവഴിക്കാവുന്നത് 20000/- രൂപയായിരുന്നെങ്കിലും 50000/- രൂപയാണ് പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. ബാലസഭാ പ്രവർത്തനങ്ങൾക്ക് 30000/- രൂപ (50000-20000) അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/01.08.25) മറുപടിയായി, പഠനയാത്ര ഉൾപ്പെടുന്ന ബാലസഭ പ്രവർത്തനങ്ങൾക്ക് സർക്കാർ മാനദണ്ഡ പ്രകാരമുള്ള 20000/- രൂപ മതിയാകാതെ വരുമെന്നതിനാൽ തനത് ഫണ്ടിൽ നിന്ന് ബാക്കി തുക ചെലവഴിച്ച് പദ്ധതി നടത്തുവാൻ അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയ കമ്മിറ്റി തീരുമാന പ്രകാരമാണ് (23.12.24 തീയതിയിലെ 3/20 നമ്പർ തീരുമാനം) തുക ചെലവഴിച്ചതെന്നും ഇതിൽ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടില്ലയെന്നും വരും വർഷങ്ങളിൽ സർക്കാർ അനുവദിച്ചതിൽ കൂടുതൽ തുക ചെലവഴിക്കില്ലയെന്നും അറിയിച്ചിട്ടുണ്ട്. വിശദീകരണം അംഗീകരിക്കുന്നു. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 പഠന മുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ (എം.എസ്.) 115/2022/LSGD നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.2.13 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സാഹചര്യം വിപുലപ്പെടുത്തുന്നതിന് തങ്ങളുടെ വീടിനോടുചേർന്ന് അധികമായി ഒരു മുറി നിർമിക്കുന്നതിന് പരമാവധി 2 ലക്ഷം രൂപ വരെ നൽകാവുന്നതാണ്. പഠന മുറി നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0156/25- പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി |
| അടങ്കൽ തുക | ₹600000/- |
| ചെലവ് തുക | ₹230000/- (എസ്.സി.പി) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പരാമർശിത പദ്ധതി പ്രകാരം പഠന മുറി നിർമ്മാണത്തിനായി ആദ്യ ഗഡുവായ 30000 രൂ കൈപ്പറ്റിയ (ബിൽ റഫറൻസ് നം- 24080652023600274720/തീ.09.05.24 മുഖേന ₹60000) ബിനീഷ് കുമാർ ബി (അക്കൗണ്ട് നം- 41087651162) എന്ന ഗുണഭോക്താവ് തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പ്രോജക്ട് പൂർത്തീകരണത്തിനായി നടത്തിയ ഇടപെടലുകൾ/തുക ദുരുപയോഗം ചെയ്തിട്ടുള്ളപക്ഷം തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/01.08.25) പഠന മുറിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നും കൈപ്പറ്റിയ പണം തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് മുഖേനയും ജനപ്രതിനിധികൾ മുഖേനയും അറിയിപ്പ് നൽകിയിട്ടും തുക തിരിച്ചടയ്ക്കാത്തതിനാൽ റവന്യൂ റിക്കവറി നോട്ടീസ് നൽകിയതായും ഓൺ ലൈൻ ആയി പോർട്ടലിൽ വിവരം അപ്ലോഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചതായും മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ 30,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഠനമുറി പൂർത്തിയാക്കുന്നതിന് സാധിച്ചില്ലായെങ്കിൽ തുക തിരികെ ഈടാക്കേണ്ടതാണ്. ഈ വിഷയത്തിലെ തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-39 ശിശു സൗഹൃദ അങ്കണവാടികളാക്കി മാറ്റൽ പദ്ധതി -മൂല്യ നിർണയ സാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് | നം. S0236/25, ശിശു സൗഹൃദ |

| | |
|---|---|
| | അങ്കണവാടികളാക്കി മാറ്റൽ പദ്ധതി |
| അടങ്കൽ | 200000/- രൂപ |
| ചെലവ് | 200000/- രൂപ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ബിൽ നം./തീയതി | 346/20.02.2025 |
| നിർവഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വാകത്താനം ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ കൈതളാവ് (നമ്പർ – 73), ചെരിവുകുന്ന്(നമ്പർ – 98) എന്നീ അങ്കണവാടികൾ ശിശു സൗഹൃദമാക്കുന്നതിനായി കളിക്കോപ്പുകൾ വാങ്ങുന്നതിനും ചുവരുകൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരയ്ക്കുന്നതിനുമായി നടപ്പാക്കിയ പ്രോജക്റ്റ് (നം. 236/25), ആലപ്പുഴ SIDCO മുഖേനയാണ് നടപ്പാക്കിയത്. ഇതിനായി 200000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 1200 ചതുരശ്ര അടി വിസ്തീർണത്തിൽ അങ്കണവാടി കെട്ടിടം പെയിന്റ് ചെയ്യുന്ന പ്രവൃത്തി കൂടി ഉൾപ്പെടുന്നു. എന്നാൽ പൊതു മരാമത്ത് സ്വഭാവമുള്ള മേൽ പ്രവൃത്തി ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിഭാഗം മൂല്യനിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഏജൻസി നടത്തിയ പ്രവൃത്തിയുടെ ആധികാരികത വിലയിരുത്താതെ പ്രതിഫലം നൽകിയ നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (29/04.08.2025) മറുപടി ലഭ്യമാക്കിയില്ല. മൂല്യനിർണ്ണയ നടപടികൾ പൂർത്തീകരിച്ച് സാക്ഷ്യപത്രം ILGMS-ൽ അപ് ലോഡ് ചെയ്തിരുന്നതായി ഓഡിറ്റ് സമാപനയോഗത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. ബന്ധപ്പെട്ട രേഖ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവു തുക 200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മൂല്യനിർണയ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 അനുപൂരക പോഷകാഹാര പദ്ധതി - ജി. എസ്. ടി വിഹിതം സ്രോതസ്സിൽ കുറവ് ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് | നം.S0010/25, അനുപൂരക പോഷകാഹാര പദ്ധതി |
| അടങ്കൽ | 3050000/- രൂപ |
| അനുപൂരക പോഷകാഹാര പ്രോജക്ടിന്റെ ആകെ ചെലവ് | 2487767/- രൂപ |
| ഫണ്ടിനം | വികസനഫണ്ട്-ജനറൽ – 1850000/- കേന്ദ്രാവിഷ്കൃത ഫണ്ട് -1000000/- ജില്ലാ പഞ്ചായത്ത് – 200000/- |
| ന്യൂട്രിമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ വിവരങ്ങൾ ബിൽ നം./ തീയതി | ബിൽ റഫറൻസ് നം- 24080652033 തീയതി – 19.07.24, തുക -342654/- ബിൽ റഫറൻസ് നം- 2240083625 തീയതി – 16.11.2024 തുക -89522/- ബിൽ റഫറൻസ് നം – 24080652033101038299 തീയതി- 16.12.2024 തുക -188526/- ബിൽ റഫറൻസ് നം -24080652033101179051 |

| | |
|---|---|
| | തീയതി- 15.01.2025 തുക - 187607/- വൌച്ചർ നമ്പർ – 22401388 തീയതി- 10.03.2025 -96210/- ബിൽ റഫറൻസ് നം -24080652033101484928 തീയതി- 10.03.2025 തുക -184188/- |
| നിർവഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വാകത്താനം ഗ്രാമപഞ്ചായത്ത് |

2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക കുറവു ചെയ്യേണ്ടതാണ്. പ്രസ്തുത പ്രോജക്ട് പ്രകാരം അമൃതം ന്യൂട്രിമിക്സ് വാങ്ങിയ ഇനത്തിൽ ഉഷസ്സ് നൂട്രിമിക്സ് ,അമര പി.ഒ, തൃക്കൊടിത്താനം , ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിനു 1088707/- രൂപ GST ഉൾപ്പെടെ (1036864+ ജി.എസ്.ടി. 51843) ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയ വേളയിൽ, സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവു ചെയ്തിരുന്നില്ല. ആകെ GST തുകയായ (5 %) 51843 രൂപയിൽ 2% തുകയായ 20738/- രൂപ TDS ഇനത്തിൽ കുറവ് ചെയ്യാതെ ബിൽ തുക പൂർണമായി സ്ഥാപനത്തിനു നൽകിയ നടപടി ക്രമപ്രകാരമല്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(26/02.08.2025) മറുപടി ലഭ്യമാക്കിയില്ല. ഉഷസ്സ് നൂട്രിമിക്സ് ,അമര പി.ഒ, തൃക്കൊടിത്താനം , ചങ്ങനാശ്ശേരി എന്ന സ്ഥാപനം പ്രസ്തുത ഇടപാടിനുള്ള ജി.എസ്.ടി. അടവാക്കിയതിന്റെ രേഖകൾ (GST Return) ഹാജരാക്കാത്ത പക്ഷം TDS ഇനത്തിൽ കുറവ് ചെയ്യാതെ നൽകിയ തുകയായ 20738/- രൂപ നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കി ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-41 ഹോമിയോ മരുന്ന് വാങ്ങൽ- വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | നം. S0125/25- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000 രൂപ ( മെയിന്റനൻസ് ഫണ്ട്- റോഡ്) |
| ചെലവ് | 200000 രൂപ BRN- 24080652033600927765/ 20.11.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി വാകത്താനം |

വാകത്താനം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി പ്രസ്തുത പദ്ധതി പ്രകാരം 200000 രൂപ ഹോംകോയ്ക്ക് എസ്.ബി.ഐ ആലപ്പുഴ കൈചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിരുന്നു. പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം നാളിതുവരെ 178517/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന 21483/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കുന്നതുവരെ 21483/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

2024-25 വർഷം വീട് വാസയോഗ്യമാക്കലിനായി 5 പ്രോജക്ടുകളാണ് ആവിഷ്കരിച്ചത്. എസ്.സി. വിഭാഗത്തിന് സ്പിൽ ഓവറായി രണ്ടും, ഒരു പുതിയ പ്രോജക്ടും ജനറൽ വിഭാഗത്തിന് ഒരു സ്പിൽ ഓവർ

പ്രോജക്ടും, പുതിയ പ്രോജക്ടുമാണ് ഉണ്ടായിരുന്നത്. ഇവയ്ക്കായി വാർഷിക പദ്ധതിയിൽ ആകെ 49.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പട്ടികയിൽ ചേർക്കുന്നു.

| പ്രോജക്ട് നം. | അടങ്കൽ/ ഫണ്ടിനം/ ചെലവ് | ഗുണഭോക്താക്കൾ/ വ്യക്തിഗത ആനുകൂല്യം | പ്രവൃത്തി പൂർത്തീകരിച്ചവർ |
|---|---|---|---|
| 191/25<br>189/25<br>(SO) | തനത് ഫണ്ട് – 3 ലക്ഷം/ 3 ലക്ഷം<br>SCP – 2.5 ലക്ഷം/ 50000<br>ആകെ ചെലവ് – 3.5 ലക്ഷം | മുൻവർഷം 50,000/- മുൻകൂർ വാങ്ങിയ 7 ഗുണഭോക്താക്കൾ | 7 പേരും 1 ലക്ഷം കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചു |
| 8/25<br>2024-25 | വികസന ഫണ്ട്(ജനറൽ) – 739545/- /739545<br>SCP – 712210/ 710,455/- രൂപ<br>തനത് ഫണ്ട് – 148245 /1 ലക്ഷം<br>ആകെ ചെലവ് – 15.5 ലക്ഷം | 16 ഗുണഭോക്താക്കൾ 1 ലക്ഷം പരമാവധി | 15 പേർ ആകെ 1 ലക്ഷം വീതം കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചു. ഒരാൾ ശേഷിക്കുന്നു. |
| 157/25<br>സ്പിൽ ഓവർ | വികസന ഫണ്ട്- 5 ലക്ഷം/5 ലക്ഷം<br>തനത് ഫണ്ട് – 1.75 ലക്ഷം/1.75 ലക്ഷം<br>ആകെ ചെലവ് – 6.75 ലക്ഷം | 52 ഗുണഭോക്താക്കൾ 50,000/- പരമാവധി | 52 പേരും പൂർത്തിയാക്കി |
| 6/25<br>2024-25 | വികസന ഫണ്ട് - 2084990/- /2084990<br>തനത് ഫണ്ട്- 1015010രൂ/565010/-<br>ആകെ ചെലവ് – 26.5 ലക്ഷം | 55 ഗുണഭോക്താക്കൾ 50,000/- പരമാവധി | 53 പേർ പൂർത്തിയാക്കി (2 പേർ 2025-26 ൽ പൂർത്തിയാക്കി) 2 പേർ പൂർത്തിയാക്കിയില്ല |

ജനറൽ വിഭാഗത്തിൽ 2 ഗുണഭോക്താക്കളും പട്ടികജാതി(SC) വിഭാഗത്തിൽ ഒരാളും ഉൾപ്പടെ ആകെ 3 ഗുണഭോക്താക്കളാണ് മുൻകൂർ കൈപ്പറ്റിയ ശേഷം ഭവന പുനരുദ്ധാരണം പൂർത്തിയാക്കാനുള്ളത്.

| ക്രമ നം. | ഗുണഭോക്താവ്/ വിഭാഗം | വാർഡ്/ വീട് നം. | മുൻകൂർ |
|---|---|---|---|
| 1. | രാജപ്പൻ ചെന്നൻ, നെടുങ്ങാമൂലയിൽ/SC | XI/356 | 50,000/- |
| 2. | ജോസഫ് ഹരിദാസ്, കരിപ്പാൻ പറമ്പിൽ/ ജനറൽ | XVII/505/A | 25,000/- |
| 3. | ബാബു ചാക്കോ, മൈലക്കാട്ടു പറമ്പിൽ/ജനറൽ | XVI/31 | 25,000/- |

ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പൂർത്തിയാക്കുന്ന മുറയ്ക്ക് LID & EW വിഭാഗത്തിന്റെ വീട് നം. രേഖപ്പെടുത്തിയ മൂല്യനിർണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുടർ വർഷം രണ്ടാം ഗഡു അനുവദിച്ച് പ്രോജക്ട് പൂർത്തിയാക്കേണ്ടതും വിവരം ആദ്യമറുപടിയോടൊപ്പം അറിയിക്കേണ്ടതുമാണ്. തുടർ വർഷങ്ങളിൽ വീട് പുനരുദ്ധാരണ പ്രോജക്ടുകളിലെ ഗുണഭോക്താക്കൾ നടത്തിയ പ്രവൃത്തിയുടെ വിവരം കെട്ടിട നമ്പരിലെ Building Certificate ൽ ലഭ്യമാകുന്ന വിധത്തിൽ വസ്തുനികുതി ഡേറ്റാബേസിൽ Maintenance Updation നടത്താനുള്ള ക്രമീകരണങ്ങളും K-SMART ൽ ചെയ്യാനാനുള്ള നടപടി IKM മുഖേന സ്വീകരിക്കേണ്ടതാണ്.

## 1-43 ലൈഫ് മിഷൻ പദ്ധതി-അവലോകനം

ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയിൽ 2024-25 വർഷം 5 പ്രോജക്ടുകൾ മുഖാന്തിരമാണ് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | വിഭാഗം | ആകെ ചെലവ് | 31-03-2025 വരെയുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ |
|---|---|---|---|
| 158/25 (SO) 25/25 (New) | പട്ടികവർഗ്ഗം | 29,000/- 251,000/- | 2 പേർ, പൂർത്തിയായത് - 2 |
| 159/25(SO) | പട്ടികജാതി | 780,000/- | 40 പേർ ( 2020 – 26, Additional – 14) പൂർത്തിയായത് - 27 ( 2020-18, Addl-9) പൂർത്തിയാകാനുള്ളത് - 13 ദീർഘകാല പെന്റിങ്ങ് - 4 എണ്ണം |
| 9/25 | പട്ടികജാതി | 3,120,000/- | |
| 187/25(SO) | പൊതുവിഭാഗം | 880,000/- | 75 പേർ, പൂർത്തിയായത്- 43 (37 പേർ 2024-25 ലെ കരാർ) പൂർത്തിയാകാനുള്ളത് - 32 ദീർഘകാല പെന്റിങ്ങ് - 3 എണ്ണം |
| 7/25 | പൊതുവിഭാഗം | 11,502,000/- | |

ലൈഫ് പദ്ധതിക്കായി പട്ടികവർഗ്ഗ വിഭാഗത്തിന് 2.8 ലക്ഷം, പട്ടികജാതി വിഭാഗത്തിന് 39 ലക്ഷം, ജനറൽ വിഭാഗത്തിന് 123.82 ലക്ഷം എന്നിങ്ങനെ തൻവർഷം 1.66 കോടിയോളം രൂപ ചെലവഴിച്ചു. ഭവന നിർമ്മാണം പൂർത്തിയാകാനുള്ളവരുടെ നിർമ്മാണ പ്രവൃത്തികൾ തുടർവർഷം പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ദീർഘകാലമായി ധനസഹായം കൈപ്പറ്റാത്ത ഭവന നിർമ്മാണ പുരോഗതി ഇല്ലാത്ത 7 ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ്/ വാർഡ് | കരാർ തീയതി ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു വാങ്ങിയത് |
|---|---|---|---|
| 1. | പ്രദീപ് P S., മുനിസിപ്പൽ കോളനി, വാർഡ്-IX, SC ഗുണഭോക്താവ് | 05-01-2023 40,000/- (ആദ്യ ഗഡു) | 02/2023 2022-23 വർഷം |
| 2. | പ്രീത ബിജു, പുളിച്ചിക്കാംപാറയിൽ വാർഡ്-XVIII, SC ഗുണഭോക്താവ് | 22-12-2022 2 ലക്ഷം | 05/2023 2023-24 വർഷം |
| 3. | രാജു പട്ടൻ, മുനിസിപ്പൽ കോളനി വാർഡ്-IX , SC ഗുണഭോക്താവ് | 05-01-2023 40,000/- (ആദ്യ ഗഡു) | 02/2023 2022-23 വർഷം |
| 4. | രഞ്ജു ബാബു, ഇടത്തും കടവിൽ വാർഡ്-XX, SC ഗുണഭോക്താവ് | 22-12-2022 2 ലക്ഷം | 05/2023 2023-24 വർഷം |
| 5. | മിനി ഷാജി, ചിരത്തലയ്ക്കൽ വാർഡ്-VII, ജനറൽ | 29-07-2024 40,000/- | 01-08-2024 2024-25 വർഷം |
| 6. | ഓമനക്കുട്ടൻ പി.കെ., പുളിമല വാർഡ്-I, ജനറൽ | 10-12-2024 40,000/- | 12-12-2024 2024-25 വർഷം |
| 7. | സാബു P M., പുരയ്ക്കൽ കരോട്ട് വാർഡ്-IX, ജനറൽ | 10-12-2024 40,000/- | 12-12-2024 2024-25 വർഷം |

2022-23 വർഷം കരാർ ചമച്ച് ധനസഹായം കൈപ്പറ്റിയ ശേഷം ക്രമ നം.1,3 ഗുണഭോക്താക്കൾ 2023-24, 2024-25 വർഷങ്ങളിൽ തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല. ടി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കാൻ ഭരണസമിതി തലത്തിൽ ഇടപെടൽ നടത്തേണ്ടതാണ്. മറ്റ് 5 ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് ഈ വിഷയത്തിലുള്ള മറുപടിയും തുടർനടപടികളുടെ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ടോയ്ലെറ്റ് നിർമ്മാണത്തിനുള്ള പ്രോജക്ടും (എസ്292/25 ) തൻവർഷം നടപ്പാക്കിയിട്ടുണ്ട്. 28 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

ലൈഫ് ഭവനങ്ങളുടെ വിവരങ്ങൾ Building Certificate ൽ ലഭ്യമാകത്തക്ക വിധം വസ്തുനികുതി ഡേറ്റാബേസിൽ K-SMART ൽ ചെയ്യാനാനുള്ള നടപടി IKM മുഖേന സ്വീകരിക്കേണ്ടതാണ്. ഭവനങ്ങളിൽ പഠനമുറി, ടോയ്ലെറ്റ് തുടങ്ങിയവയ്ക്ക് ഗ്രാമപഞ്ചായത്ത് ധനസഹായം നൽകുമ്പോൾ അതത് വീട് നമ്പറിൽ Status Updation ക്രമീകരണങ്ങളും ചെയ്യുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-44 ജൽജീവൻ മിഷൻ - അവലോകനം

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024 ഓടെ ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ . കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. കേന്ദ്ര സർക്കാർ 50%, സംസ്ഥാന സർക്കാർ 25%, തദ്ദേശ സ്വയംഭരണ സ്ഥാപനം 15%, ഗുണഭോക്താക്കൾ 10% എന്നിങ്ങനെയാണ് പദ്ധതിയുടെ ചെലവ് വിഹിതത്തിന്റെ വിഭജനം. എല്ലാ ഗ്രാമീണ വീടുകളിലും വ്യക്തിഗത ഗാർഹിക ടാപ്പ് കണക്ഷനുകൾ സ്ഥാപിക്കുക, ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുക, ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം പ്രോത്സാഹിപ്പിക്കുക, ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

വാകത്താനം ഗ്രാമ പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ആരംഭ സമയത്ത് 10029 വീടുകളുള്ളതിൽ 12% മാത്രമാണ് ഗ്രാമീണ FHTC (Functional Household Tap Connection) കൾ ഉണ്ടായിരുന്നത്. പഞ്ചായത്ത് പ്രദേശത്ത് 8774 Rural House Hold കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള ഭരണാനുമതിയാണ് ഉള്ളത്. എന്നാൽ ജൽജീവൻ മിഷൻ പദ്ധതിക്കായി 2021-22 മുതൽ 2024-25 വർഷം വരെ സ്ഥാപന വിഹിതവും (15%) ഗുണഭോക്തൃവിഹിതവും (10%) അടവാക്കിയിട്ടില്ല. പദ്ധതിയുടെ ഭാഗമായ പ്രവൃത്തികൾ പുരോഗമിക്കുകയും നിലവിൽ 250 കണക്ഷൻ നൽകിയിട്ടുണ്ടെങ്കിലും കണക്ഷനുകൾ ജിയോടാഗ് ചെയ്ത് ബില്ലുകൾ ഗുണഭോക്താക്കൾക്ക് നൽകാനുള്ള നടപടികൾ വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. കണക്ഷൻ ലഭിച്ചവർക്ക് ജൽജീവൻ മിഷൻ പദ്ധതിയുടെ 10% ഗുണഭോക്തൃവിഹിതം അടവാക്കാനായിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജൽജീവൻ മിഷൻ പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുകയായ 81.1 കോടി രൂപയുടെ 15% ഗ്രാമപഞ്ചായത്ത് വിഹിതമായ 12.165 കോടി രൂപയാണ് പഞ്ചായത്ത് വിഹിതമായി വകയിരുത്തേണ്ടത്. എന്നാൽ പഞ്ചായത്ത് ജൽജീവൻ മിഷൻ പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. എം.എൽ.എ. മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ജൽ ജീവൻ മിഷൻ പദ്ധതിയ്ക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. ജൽ ജീവൻ പദ്ധതി വിഹിതം വകയിരുത്തി അടവാക്കേണ്ടതും പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയും സേവനങ്ങളും ഗുണഭോക്താക്കൾ ലഭ്യമാകാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതുമാണ്.

## 1-45 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. പദ്ധതിയുടെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ളത് താഴെപ്പറയുന്ന സർക്കാർ ഉത്തരവുകളും സർക്കുലറുകളുമാണ്.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| | |

| | |
|---|---|
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

ചുവടെ ചേർക്കുംപ്രകാരമുള്ള വിവിധ സ്കീമുകൾ നടപ്പിലാക്കുന്നതിനായാണ് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

വാകത്താനം ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി - 5 , ഹോമിയോപ്പതി - 1, ആയുർവേദ – 1 എന്നിങ്ങനെ 7 ആരോഗ്യസ്ഥാപനങ്ങളാണുള്ളത്. അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഞ്ചായത്ത് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

2021-22 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | സ്കീം | | 21-22 | 22-23 | 23-24 | 24-25 |
|---|---|---|---|---|---|---|
| 1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുവാൻ സഹായം | വരവ് | 0 | **2775000** | | |
| | | ചെലവ് | 0 | 0 | | 277500 |
| | | ചെലവ് ശതമാനം(%) | | | | 100 % |
| 2 | ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | വരവ് | 234733 | 1070000 | 447000 | |
| | | ചെലവ് | | 224749 (21-22 ലെ) | 868667 (22-23 ലെ) | 310089 (*) |
| | | ചെലവ് ശതമാനം(%) | | 96% (21-22 ലെ) | 99.9% (22-23 ലെ ആകെ ചെലവ്- 200152+ 868667= 1068819) | 25% (23-24 ലെ ആകെ ചെലവ്- 310089- 200152= 109937) |
| 3 | ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ പ്രവർത്തനങ്ങൾ നടപ്പാക്കൽ | വരവ് | 135000 | 439000 | 699000 | |
| | | ചെലവ് | | 135000 (21-22 ലെ) | 49170 (22-23 ലെ) | 397480 (&) |
| | | ചെലവ് ശതമാനം(%) | | 100 (21-22 ലെ) | 100%- 22-23 ലെ ആകെ ചെലവ്- 439000- (389830+49170) | 11 % – 23-24 ലെ ആകെ ചെലവ്- 7650 (397480- 389830) |

(*)-> 200152 (22-23 ലെ ചെലവ്)+ 109937 (23-24 ലെ ചെലവ്)= 310089

(&)→ 389830 (22-23 ലെ ചെലവ്)+7650 (23-24 ലെ ചെലവ്)= 397480

2023-24 സാമ്പത്തിക വർഷത്തെ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചു കിട്ടിയത് 2024-25 സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ ആയതിനാൽ 2025-26 സാമ്പത്തിക വർഷം ആയത് ചെലവഴിക്കാനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. സ്കീം 1, സ്കീം 3, സ്കീം 4 എന്നിവയിലുൾപ്പെടുത്തി സാമൂഹ്യാരോഗ്യ കേന്ദ്രത്തിനും സബ്സെന്ററുകൾക്കുമായി വാങ്ങിയ ആശുപത്രി ഉപകരണങ്ങൾ / ഫർണ്ണിച്ചർ എന്നിവ കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കാനറാ ബാങ്ക് , വാകത്താനം ശാഖയിൽ താഴെപ്പറയുംപ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 110043850104 |
| ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 110043850440 |
| കെട്ടിടങ്ങളില്ലാത്ത സാമൂഹ്യരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുവാൻ സഹായം | 110043850290 |

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങളൊന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല.

സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർ തന്നെയാണ് നിർവ്വഹിക്കുന്നത്. സാമൂഹ്യാരോഗ്യ ഉപകേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണം അസിസ്റ്റന്റ് എഞ്ചിനീയറാണ് (LID & EW) നിർവ്വഹിക്കുന്നത്. എൻ.എച്ച്.എം. വഴി ഡെപ്പോസിറ്റ് പ്രവൃത്തിയായാണ് പ്രോജക്ട് നടപ്പാക്കുന്നത്. ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതായി കാണുന്നില്ല. ഭരണ സമിതി തലത്തിലാണ് പ്രോജക്ടുകൾ രൂപം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടക്കാറുള്ളത്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് നിലവിലെ സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്.

ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം നൽകിയിട്ടില്ല. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 5 ഹെൽത്ത് വെൽനസ് സെന്ററുകളാണുള്ളത്. അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങളായ പ്രതിരോധ കുത്തിവെയ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ എന്നിവയും എല്ലാ മാസവും നടത്തി വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 8 ഇന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗത്തിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്-പ്രീമിയം ഒടുക്ക് വിവരങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 15 | 90000 | 90000 | ഇല്ല | 3/2025-ലെ തുക 7000/- 06/2025-ൽ ഒടുക്കി 01/04/2025-ൽ 8000/- രൂപ ഓപ്പണിംഗ് ബാലൻസ് ഉണ്ടായിരുന്നു. |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച | മെഡിസെപ് പ്രീമിയം | മെഡിസെപ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | മാസം | ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | ഇനത്തിൽ ഒടുക്കിയ തുക | നിൽക്കുന്ന തുക | |
| 1 | 02/2025 | 5500/- | 1500/- | 4000/- | ദീപ്തി പി., ക്ലാർക്ക് |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

2024-25 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 26-07-2025 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2024-25) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2024-25 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2025-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തെ, സംയുക്ത പ്രോജക്ടുകളുടെ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി** | 2024-25 | 420000 | ലൈഫ് ഭവന പദ്ധതി (GEN) (07/25) | 420000/- | 0 |
| | 2024-25 | 29,000 | ലൈഫ് ഭവന പദ്ധതി – വസ്തു വാങ്ങൽ & ഭവന നിർമ്മാണം (ST) (158/25) | 29,000/- | 0 |
| | 2024-25 | 520000/- | ലൈഫ് ഭവന പദ്ധതി – വസ്തു വാങ്ങൽ & ഭവന നിർമ്മാണം (SC) (159/25) | 520000/- | |
| | 2024-25 | 320000 | ലൈഫ് ഭവന പദ്ധതി – വസ്തു വാങ്ങൽ & ഭവന നിർമ്മാണം (SC) (09/25) | 320000 | |
| | 2024-25 | 116262 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (153/25) | 116262/- | 0 |
| | 2024-25 | 75851 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (99/25) | 75851/- | 0 |
| | 2024-25 | 34514 | നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് | 34514/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | ചികിൾസ (132/25) | | |
| | 2024-25 | 219894 | മെൻസ്ട്രൽ കപ്പ് വിതരണം (140/25) | 219894/- | 0 |
| | 2024-25 | 500000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (11/25) | 500,000/- | 0 |
| | **ആകെ** | **22,35,521/-** | **ആകെ** | **22,35,521/-** | **0** |
| **ജില്ലാ പഞ്ചായത്ത്, കോട്ടയം** | 2024-25 | 452000 | ലൈഫ് ഭവന പദ്ധതി (GEN) (07/25) | 452000 | 0 |
| | 2024-25 | 200000 | ലൈഫ് ഭവന പദ്ധതി – വസ്തു വാങ്ങൽ & ഭവന നിർമ്മാണം (SC) (159/25) | 200000 | 0 |
| | 2024-25 | 480000 | ലൈഫ് ഭവന പദ്ധതി – വസ്തു വാങ്ങൽ & ഭവന നിർമ്മാണം (SC) (09/25) | 480000 | 0 |
| | 2024-25 | 14600 | സാന്ത്വന പരിചരണം (130/25) | 14600 | 0 |
| | | 66600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (11/25) | 66600 | |
| | 2024-25 | 990000 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (341/25) | 990000 | |
| | **ആകെ** | **2203200/-** | **ആകെ** | **2203200/-** | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ മൂന്ന് പ്രോജക്ടുകൾ പ്രകാരം KSEB Ltd., ANERT എന്നീ ഏജൻസികളിലും അസിസ്റ്റന്റെ എഞ്ചിനീയറുടെ ഒരു പ്രോജക്ട് പ്രകാരം NHM-ലും പഞ്ചായത്ത് നിക്ഷേപ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രോജക്ട് നം./ പേര്/ വിശദാംശം | ആകെ നിക്ഷേപം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1. | KSEB Ltd. വാകത്താനം | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (160/25) | 177,228/- | ഇല്ല | 177,228/- |
| 2. | | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (18/25) | 60,799/- | ഇല്ല | 60,799/- |
| 3. | അനർട്ട് | പഞ്ചായത്ത് ഓഫീസിലേക്ക് സോളാർ പാനൽ | 1,017,077/- | ഇല്ല | 1,017,077/- |

| | | | | | |
|---|---|---|---|---|---|
| | | സ്ഥാപിക്കൽ (150/25) | | | |
| 4. | നാഷണൽ ഹെൽത്ത് മിഷൻ(NHM) | തോട്ടയ്ക്കാട് സാമൂഹ്യാരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിടനിർമാണം (339/25) | 2775000/- | ഇല്ല | 2,775,000/- |
| 2024-25 വർഷത്തെ ആകെ നിക്ഷേപിച്ച തുക | | | 4030104/- | - | 4,030,104/- |

KSEB Ltd. നിർവ്വഹിച്ച മുൻ വർഷങ്ങളിലെ 6,700,612/- രൂപയുടെ പ്രവൃത്തികൾ 02-06-2025 ലെ ഡി.ബി./ ഇ.എസ്./വാകത്താനം/വിനിയോഗ സർട്ടിഫിക്കറ്റ്/2025-26/13 സാക്ഷ്യപത്ര പ്രകാരം ക്രമീകരിച്ചു. ഭൂജല വകുപ്പ് മുഖേനയുള്ള 6.04 ലക്ഷം രൂപയുടെ മുൻകാല നിക്ഷേപങ്ങളും ക്രമീകരിച്ചു. തൻ വർഷ പ്രവൃത്തികൾ ആരംഭിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണം നിരീക്ഷിച്ച് Advance Register ൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും പൂർത്തീകരണത്തിന് 10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവ് പ്രകാരമുള്ള സമയപരിധി പാലിക്കേണ്ടതുമാണ്.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ച വായ്പ തുകയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | 01-04-2024ൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ (KURDFC) | ജി.ഒ. (എം.എസ്) 68/2018/LSGD 18-05-2018 | 9,310,457/- | 8276707/- | 2698929/- | - | 14,888,235/- |

പഞ്ചായത്തിന്റെ സർക്കാർ ഗ്രാന്റിൽ 2024-25 വർഷം സ്രോതസ്സിൽ കുറവ് ചെയ്താണ് വായ്പ തിരിച്ചടവ് നടത്തിയിട്ടുള്ളത്. വികസന ഫണ്ട്(ജനറൽ) അലോട്ട്മെന്റുകളിൽ നിന്ന് 2,579,062/- രൂപയും വികസന ഫണ്ട് (SCSP) അലോട്ട്മെന്റുകളിൽ നിന്ന് 119,867/- രൂപയും ഉൾപ്പടെ ആകെ 2,698,929/- രൂപയാണ് തൻവർഷത്തെ വായ്പ തിരിച്ചടവ്.

## 4-7 സ്ഥിരനിക്ഷേപങ്ങൾ

വാകത്താനം ഗ്രാമപഞ്ചായത്തിന് 2024-25 വർഷാരംഭത്തിൽ സ്ഥിരനിക്ഷേപം ഇല്ലായിരുന്നു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22-01-2025 ലെ 6-ാം നം. തീരുമാന പ്രകാരം തൻവർഷം 06-03-2025 തീയതിയിൽ 50 ലക്ഷം രൂപ കേരള ഗ്രാമീൺ ബാങ്കിൽ നിക്ഷേപിച്ചു. ലഭ്യമാക്കിയ ബാങ്ക് സ്ഥിരനിക്ഷേപ രശീത്, Investment Register എന്നിവ പ്രകാരമുള്ള 2024-25 വർഷാവസാനത്തെ പഞ്ചായത്ത് ഫണ്ടിലുള്ള സ്ഥിരനിക്ഷേപ കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | കേരള ഗ്രാമീൺ ബാങ്ക് |
| ശാഖ | വാകത്താനം |
| നിക്ഷേപിച്ച തുക | 5,000,000/- |
| നിക്ഷേപിച്ച തീയതി | 06-03-2025 |
| സ്ഥിരനിക്ഷേപ അക്കൗണ്ട് നം. | 40614142500025 |
| പലിശ നിരക്ക്, ഇനം | 6%, Simple Interest |
| നിക്ഷേപ കാലയളവ് | 6 മാസം 06-03-2025 To 05-09-2025 |
| വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപം (31-03-2025) | 5,000,000/- രൂപ |

പരിമിതകാല നിക്ഷേപമിനത്തിലാണ് (FD General-Short Term) സെക്രട്ടറിയുടെ പേരിലുള്ള നിക്ഷേപം ആരംഭിച്ചത്. 151,233/- രൂപയാണ് നിക്ഷേപ കാലയളവിലെ പലിശ മൂല്യമായി ബാങ്ക് വാഗ്ദാനം ചെയ്തിട്ടുള്ളത്. തുടർ വർഷം സ്ഥിരനിക്ഷേപം പലിശ മുതലിൽ ചേർത്ത് പുതുക്കി തുടരുകയാണ്

എങ്കിൽ നിലവിലെ സാധാരണ പലിശ നിരക്കിൽ നിന്നും കൂട്ടുപലിശ (Compound Interest) രീതിയിലേക്ക് മാറ്റാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ സെക്രട്ടറിയുടെ പേരിലുള്ള നിക്ഷേപം TDS ബാധകമല്ലാത്ത സർക്കാർ വകുപ്പ് (Local Self Government Department-LSGD) നിക്ഷേപമായിട്ടാണ് നിലനിൽക്കുന്നത് എന്ന് കാലാവധി പൂർത്തീകരണ സമയത്ത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം. / തീയതി |
|---|---|---|---|---|
| 2020-21 | 1-25 | 3200/- | ഷാജിമോൻ മാത്യു | 1240402341/09.08.24 |
| 2023-24 | 1-18(എ)(4) | 279/- | സ്കറിയ, ഉഴക്കാലായിൽ | 1240403798/22.11.24 |
| 2023-24 | 1-18(എ)(2) | 365/- | സാബുക്കുട്ടി മാത്യു | 1240403818/23.11.24 |
| | **ആകെ** | **3,844/-** | | |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

വാകത്താനം ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4-1 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-8 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 128,892,900/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 87,325,617/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 191,311,413/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 182,141,208/- |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5495037/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>
ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നം. | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 631300/- | ശ്രീ. എ. രാജേന്ദ്രകുമാർ, സെക്രട്ടറി |
| 1-29 | 442300/- | ശ്രീ. എ. രാജേന്ദ്രകുമാർ, സെക്രട്ടറി |
| 1-30 | 1255104/- | ശ്രീ. എ. രാജേന്ദ്രകുമാർ, സെക്രട്ടറി |
| 1-31 | 100000/- | ശ്രീ. എ. രാജേന്ദ്രകുമാർ, സെക്രട്ടറി |
| 1-35 | 2775000/- | ശ്രീമതി. അഹനാ മനോഹർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 | 39850/- | ശ്രീമതി. ഫേബാ എം. ജോസ്, ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.ബി.എസ്, വാകത്താനം |
| 1-38 | 30000/- | ശ്രീമതി. ജസിയ ബീവി എം. എ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-39 | 200000/- | ശ്രീമതി. രാജേശ്വരി ആർ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-41 | 21483/- | ഡോ. പ്രീത എൻ, മെഡിക്കൽ ഓഫീസർ, (ഹോമിയോ) |
| **ആകെ** | **5495037/-** | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>
ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>
ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>
വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|

| | | |
|---|---|---|
| 2000-01 & 2001-02 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/ 399/2022 /25.08.2022 | 2 |
| 1998-99 | എൽ.എഫ്.കെ.പി1/190/ അദാ/ 22.02.2011 | 1 |
| 2003-04 (വരവ്) | എൽ.എഫ്.കെ.പി8/124/2008/ 29.12.2009/08.03.2010 | 5 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/ 1084(5)/2022/25.08.2022 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1084(6)/2022 /25.08.2022 | 2 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി10/ അദാ.2018/86(1)/2018/01.02.2018 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1106(3)/2022 /25.08.2022 | 5 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1084(7)/2022 /25.08.2022 | 2 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1106(4)/2022 /25.08.2022 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1084(8)/2022 /25.08.2022 | 3 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1106(5)/2022 /25.08.2022 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1106(6)/2022 /25.08.2022 | 9 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി10-1396/ 2019/20.05.2020/ 12.06.2020 | 33 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി10/326/2022/ 27.07.2022 | 15 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി10/1441/2022/ 02.09.23 | 28 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി10- 158/23 /30.03.24 | 25 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി10- 1943/23 /23.12.23 | 27 |
| 2023-24 | കെ.എസ്.എ-കെ.ടി.എം.പി10-1637/ 2024/22.02.2025 | 34 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 09-06-2025 and submitted on 18-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Vakathanam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vakathanam Grama Panchayat as on 31-03-2025

**Date: 13/10/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Vakathanam Grama Panchayat for the Year 2024-2025.**

**1.Major Observations**

1. General Fund Details not maintained. OBRP data of asset and liability as on 01/04/2011 is not available. Full source data not available for the value of total general fund as on 31-03-2025.
2. Non Disclosure of Capital Contribution-opening balance of Capital Contribution as on 01-04-2024 is not provided by authorised register or document.
3. Non Disclosure of Assets-Assets not classified and valuated and accounted-Asset Database is not updated upto 31-03-2025.

**2.Other Observations**

1. The corresponding Capital Contribution entry has not fully made for total value of Asset Generated as per annual plan of 2024-25.
2. Amount deposited in NHM as per Project No.339/25 for Allopathy hospital building construction accounted as Fixed asset instead of Advance Amount for Deposit Works.
3. Accumulated depreciation in the case of Roads & Bridges, Vehicles category of assets at the stage of exceeding the corresponding total asset value as on 31-03-2025.
4. Direct expenditure of beneficiary contribution in 2024-25 annual plan has not accounted as passive expenditure during the year.
5. Details of Suspected liability to panchayath fund of Rs. 185,466/- which was received from Assistant Engineer has not identified till date. As a result, the adjustment of Income and remittance of tax and other recoveries from this amount is pending.
6. Some expenditures from panchayath fund during 2024-25 which became due upto 31-03-2025 has not accounted as payable during the financial year.
7. For Accrual incomes during 2024-25, timely demand entries are not made.

**Deputy Director**
**Kerala State Audit Department**
**District Audit Office-Kottayam**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്